# മരുപ്പച്ച

സമകാലിക പത്രിക

MEMBER
NEWS PAPERS
ASSOCIATION OF INDIA
www.marupacha.com

വാല്യം - 14 ലക്കം : 04 2010 മാർച്ച് 05 e-mail: maruppacha@yahoo.com വില 4.00


## കവർസ്റ്റോറി

### ഉണർവിന്റെ തേരോടിയ മണ്ണിലൂടെ...

യെരുശലേം മുതൽ കൊട്ടാരക്കര വരെ





3





4

ആത്മാവിന്റെ പ്രവാഹം

കേരളത്തിലെ പെന്തെക്കോസ്തു മുന്നേറ്റത്തിന്റെ ആരംഭം

5



# മരണം ആഘോഷമാക്കുന്നു

## തിരുവല്ല-കോഴഞ്ചേരി നഗരവീഥികൾ ശോകസാന്ദ്രം

എ.ഇ.വർഗീസ്

**തിരുവല്ല:** ശോകരഥഗാനങ്ങൾ കേട്ടുകൊണ്ടാണ് ഓരോ പ്രഭാതത്തിലും തിരുവല്ല-കോഴഞ്ചേരി റോഡിന് ഇരുവശങ്ങളിലുമുള്ളവർ ഉണരുന്നത്. "സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു... ആക അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ...."

മരണപ്പാട്ടുസംഘം ഈ വരികൾ ആവർത്തിച്ചു പാടുമ്പോൾ നഗരത്തിനു ശോകഛായ.

മോർച്ചറികൾ അത്യാവശ്യ ആർഭാടമായതോടെയാണ് മരണരഥവും ഗാനമേളയും പട്ടണത്തെ ദുഃഖമയമാക്കിയത്.

തിരുവല്ല, കുമ്പനാട്, കോഴഞ്ചേരി എന്നിവിടങ്ങളിലെ ആശുപത്രി മോർച്ചറികളാണ് നഗരവീഥികൾക്ക് ശോകഛായ സമ്മാനിച്ചത്. മൃതശരീരം മോർച്ചറിയിൽ കൊണ്ടുപോകുമ്പോൾ മുതൽ നഗരവീഥികൾക്ക് മൃതസംസ്കാരം.

നിരവധി വാഹനങ്ങളുടെ അകമ്പടികളോടെയാണ് മൃതദേഹം മോർച്ചറിയിലേക്ക് കൊണ്ടുപോകുന്നത്. മിക്കവരും ശവസംസ്ക്കാര ശുശ്രൂഷയുടെ തലേന്നുതന്നെ മൃതശരീരം മോർച്ചറിയിൽ നിന്നും കൊണ്ടുപോകും. അലങ്കരിച്ച കറുത്ത രഥത്തിനുമുൻപ് ഗായകസംഘത്തിന്റെ മരണപ്പാട്ടുവണ്ടി. നഗരവീഥികളെ പ്രകമ്പനം കൊള്ളിക്കുന്ന ശോകഗാനങ്ങൾ. പിന്നെ നിരനിരയായി വാഹനങ്ങൾ.



**മോർച്ചറികൾ അത്യാവശ്യ ആർഭാടമായതോടെയാണ് മരണരഥവും ഗാനമേളയും പട്ടണത്തെ ദുഃഖമയമാക്കിയത്.**

തിരക്കേറിയ വഴികളിലൂടെ ഈ വാഹന വ്യൂഹം കടന്നുപോകുമ്പോൾ മണിക്കൂറുകളോളം ഗതാഗതകുരുക്ക്. മൃതദേഹം സെമിത്തേരിയിലേക്ക് കൊണ്ടുപോകുമ്പോഴും ഇതേ അനുഭവം തന്നെ. നാടിളക്കുന്ന ശോകയാത്ര. ആശുപത്രിവളപ്പിൽ നിന്നുമുയരുന്ന മരണഗാനങ്ങൾ രോഗികൾക്കും പരിസരവാസികൾക്കും ഡിപ്രഷൻ ഉണ്ടാകുന്നതായി പരാതിയുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളിലാണ് മോർച്ചറികൾ.

തിരുവല്ലയിലെ ഒരു മോർച്ചറി കവാടത്തിൽ തൊട്ടടുത്ത് ആരാധനാലയം.

ആശുപത്രി, മോർച്ചറി, ആരാധനാലയം, വീടുകൾ ഇതെല്ലാം കൂടി ഒരിടത്താകുമ്പോൾ ജനങ്ങൾക്ക് ശോകമുഖം.

ആശുപത്രികളുടെ ചുറ്റുപാടും താമസിക്കുന്ന പലരും ശോക ഗാനങ്ങൾ ഭയന്നു വീടുകൾ വിൽക്കാനൊരുങ്ങുന്നത്രെ.

ഉച്ചഭാഷിണിയിലൂടെ പ്രവഹിക്കുന്ന ശോകഗാനങ്ങളാണ് കൂടുതൽ മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.

പൊതുനിരത്തുകളിൽ കൂടി ഉച്ചഭാഷിണികൾ ഉപയോഗിച്ചു ശോകഗാനങ്ങൾ പാടുന്ന രീതി ഒഴിവാക്കണമെന്ന നിർദ്ദേശം പലരിൽ നിന്നുമുയരുന്നുണ്ട്.

മരിച്ചുപോയവരെ ഏറ്റവും ബഹുമാനിക്കുന്ന രീതിയാണ് മലയാളിയുടേത്. എന്നാൽ മരണമാഘോഷമാക്കുമ്പോൾ ജനങ്ങൾ ബുദ്ധിമുട്ടിലാകുന്നു. ഏറ്റവും ലളിതവും ബഹുമാനപൂർവ്വവും നടക്കേണ്ട ശവസംസ്ക്കാരച്ചടങ്ങുകൾ പൊങ്ങച്ചമായി മാറുന്നതിന്റെ തെരുവുകാഴ്ച. പ്രത്യാശ നഷ്ടമാകുന്നു, ശോകഗാനങ്ങൾക്ക്.

# മാരാമൺ മണൽപ്പുറം ഇനി ഓർമ്മ മാത്രം!

വർഗീസ്. സി തോമസ്

**കാ**ലം മായ്ക്കാത്തതൊന്നുമില്ല. മണൽപ്പുറങ്ങളുടെ കഥയും വ്യത്യസ്തമല്ല. അവയുടെ നാശം വേഗത്തിലാണെന്നു മാത്രം. മാരാമൺ മണൽപ്പുറത്തിന്റെ സ്ഥിതി അതീവ ദയനീയമാണ്. എല്ലാ വർഷവും മണ്ണു മാന്തി ഇറക്കി ഒരുക്കിയെടുക്കുകയാണ് സംഘാടകരായ മാർത്തോമ്മാ സഭയുടെ സുവിശേഷ പ്രസംഗ സംഘം. ഇവിടെ നദി മാറ്റത്തിന്റെ വക്കിലാണെന്നു വ്യക്തം. ഏകദേശം ഇരുപതു വർഷം മുമ്പു വരെ മനോഹരമായ മണൽത്തിട്ടയായിരുന്നു മാരാമൺ. 1980-കളിൽ മദ്ധ്യതിരുവിതാംകൂറിൽ ഉണ്ടായ കെട്ടിട നിർമ്മാണ ത്വരയുടെ ഭാഗമായി മണൽ വാരൽ രൂക്ഷമായതോടു കൂടെയാണ് മാരാമണ്ണിൽ മാറ്റം മറ നീക്കി പുറത്തു വന്നത്.

പഞ്ചാരമണൽത്തിട്ട മട്ടടിഞ്ഞ ചെളിക്കെട്ടായി. ഇനിയും എത്ര നാൾ കൂടി ഈ മണൽപ്പുറം ഇപ്പോഴത്തെ രൂപത്തിലെങ്കിലും തുടരുമെന്നതാണ് ചോദ്യം. ഇവിടെ ഒരു മണൽപ്പുറം ഉണ്ടായിരുന്നുവെന്നും വരും തലമുറകളോടു പറയേണ്ടി വരുമോ? വീടുകളും വികസനവും വേണ്ടന്നല്ല. നിലവാരവത്കരിച്ച പാറമണൽ, കഴുകിയെടുത്ത പാറമണൽ, ഗുജറാത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ, ഡാമിലെ മണൽ, ഗ്ലാസ്സും ഇരുമ്പും അലൂമിനിയവും ചേർന്ന നിർമ്മാണ രീതി എന്നിങ്ങനെ മണലിനു ബദൽ ഒട്ടേറെ.

മണൽപ്പരപ്പുകൾ കാലത്തിന്റെ

ശേഷം 2-ാം പേജിൽ



*മണൽപ്പുറം പുൽപ്പുറമായപ്പോൾ...* വിശാലമായ മണൽപ്പരപ്പിലായിരുന്നു മാരാമൺ കൺവെൻഷൻ നടന്നിരുന്നത്. ഇന്ന് ചെളിമൂടി പുൽപ്പരപ്പായി മാറി.

ഫോട്ടോ: എഇ/മരുപ്പച്ച

## കൊച്ചുപ്പാപ്പൻ

*വിമർശനപ്രസംഗകർക്ക് കടിഞ്ഞാൺ വീഴുന്നു!*



**ഇതൊരു തൊഴിൽ പ്രശ്നം കൂടെയാണ്, ജാഗ്രതൈ!**

ചെയർമാൻ
**ജോൺ വർഗീസ്**

മാനേജിംഗ് എഡിറ്റർ
**സ്റ്റാൻലി ജോർജ്ജ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഉമ്മൻ എബനേസർ**

ഓവർസീസ് ഡയറക്ടർ
**ഡോ. എം.എസ്. സാമുവൽ**

റസിഡന്റ് എഡിറ്റർ
**കുര്യാക്കോസ് തോട്ടത്തിൽ**

അസോസിയേറ്റ് എഡിറ്റേഴ്സ്
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**റെജി മൂലേടം**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ഫിന്നി ബെഞ്ചമിൻ വർഗീസ്**
**ഫിന്നി രാജു**
**ജസ്റ്റസ് ചന്ദ്രബോസ്**
**ജെ. ജോസഫ്**
**സാം മാത്യു**

യു. എസ്. ജനറൽ കോ-ഓർഡിനേറ്റർ
**സാം പണിക്കർ**

യു. കെ. ജനറൽ കോ-ഓർഡിനേറ്റർ
**ജിജി ബറോഡ**

യു.എ.ഇ. ജന. കോ-ഓർഡിനേറ്റർ
**ജോൺ മത്തായി അതിരുങ്കൽ**

ജോ. കോ-ഓർഡിനേറ്റർ
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**കെ.റ്റി.ജോഷ്വ**
**ജോൺ കാട്ടുപറമ്പിൽ**
**രാജൻ ഏബ്രഹാം**
**ജോൺസൺ ജോർജ്ജ് ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**



വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : $ 40
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**



**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
e-mail: maruppacha@yahoo.com


എഡിറ്റോറിയൽ

# ഇരുട്ടിനെ ചീത്തവിളിക്കണമെന്നില്ല

മതേതര സംസ്കാരത്തോടു ബഹുമാനം പുലർത്താതെ പ്രസംഗിക്കുന്നവരെ തങ്ങളുടെ കൺവെൻഷൻ വേദികളിൽ കയറ്റേണ്ടതില്ലെന്നു ഇൻഡ്യൻ പെന്തെക്കോസ്തു ദൈവസഭയുടെ പരമോന്നത സമിതി തീരുമാനിച്ചത് സ്വാഗതാർഹമാണ്.

പരമ്പരാഗതസഭകൾ ഉപേക്ഷിച്ച ചിലർ പൗരോഹിത്യ സഭകളെ അവഹേളിച്ചും അപമാനിച്ചും പ്രസംഗിക്കുന്നതിന്റെ തിക്തഫലങ്ങൾ നിരപരാധികളായ സഭാജനങ്ങളും പാസ്റ്റേഴ്സുമാണ് അനുഭവിക്കുന്നത്. ചില പ്രസംഗകരുടെ പ്രയോഗങ്ങൾ മതവിദ്വേഷം ഉണ്ടാക്കാനിടയായേക്കുമെന്നും കൗൺസിൽ വിലയിരുത്തി. പട്ടത്വസഭകളെയോ പുരോഹിതന്മാരെയോ അവഹേളിച്ചു സംസാരിക്കുന്നവർക്ക് കൺവെൻഷൻ വേദികളൊരുക്കരുതെന്നു കൗൺസിലിൽ നിർദ്ദേശമുണ്ടായി. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭാ കൗൺസിൽ സ്വീകരിച്ച നിലപാടിനെ അഭിനന്ദനത്തോടെയാണ് സഭാജനങ്ങൾ സ്വാഗതം ചെയ്തത്.

അഭിപ്രായ സ്വാതന്ത്ര്യത്തെ മാനിക്കണം. എന്നാൽ അഭിപ്രായപ്രകടനങ്ങൾ ചിലപ്പോഴെങ്കിലും അതിരുവിടുന്നുണ്ട്. കർണ്ണരസമാകുമാറ് വേദികളിൽ വാചകകസർത്തു നടത്തുന്ന ചിലർക്ക് പള്ളിയെയും പട്ടക്കാരെയും രണ്ടു പറഞ്ഞില്ലെങ്കിൽ സ്വസ്ഥത വരില്ല. ഇതര മതവിശ്വാസികളുടെ വികാരങ്ങളെ മാനിക്കാതെയുള്ള അനുഭവസാക്ഷ്യങ്ങളും അസ്വസ്ഥത ഉണ്ടാക്കാറുണ്ട്.

സുവിശേഷ പ്രസംഗകർ പൊതുവേ പക്വതയോടും പ്രതിപക്ഷ ബഹുമാനത്തോടും വചനം ഘോഷിക്കുന്നവരാണ്. എന്നാൽ അപൂർവം ചിലരുടെ ശൈലികളും പ്രയോഗങ്ങളും അനുഭവകഥകളും ക്രൈസ്തവ ശൈലിക്കു കളങ്കം വരുത്തുന്നതാണ്.


> **ഉപദേശകപരമായ കാര്യങ്ങളിൽ വിയോജിച്ചുകൊൾക; എന്നാൽ വിമർശിക്കുമ്പോൾ മിതത്വം പാലിക്കുക. അതു അന്തസ്സിന്റെ ലക്ഷണമാണ്.**


പൊതുസ്ഥലങ്ങളിൽ മൈക്ക് വച്ചു കെട്ടി പ്രസംഗിക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. വിവിധ വിശ്വാസക്കാരും മതക്കാരുമാണ് കേൾവിക്കാർ. സമാനവിശ്വാസമോ ചിന്താഗതികളുള്ളവരോ അല്ല ശ്രോതാക്കൾ. ബൗദ്ധിക സംവാദത്തിനുള്ള വേദിയല്ല കൺവെൻഷൻ സ്ഥലങ്ങൾ. പ്രസംഗകന്റെ നിയോഗം ദൈവവചനം ഘോഷിക്കുകയാണ്. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ ഉയർത്താനുള്ളതാണ് സുവിശേഷയോഗങ്ങൾ. രക്ഷിതാവിനെപ്പറ്റി പ്രസംഗിക്കാത്തതൊന്നും സുവിശേഷമല്ല. കൺവെൻഷനുകളും സുവിശേഷ യോഗങ്ങളും ലക്ഷ്യമിടുന്നത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. ദൈവജനങ്ങളുടെ ശാക്തീകരണം; സുവിശേഷവൽക്കരണം.

തിരുവചനം മാത്രം പ്രസംഗിച്ചാൽ മതി സഭ ഉണർത്തപ്പെടാൻ. വചനം പ്രസംഗിക്കുമ്പോൾ ഉണർവും യഥാസ്ഥാനവുമുണ്ടാകും. വചനത്തിന്റെ ശക്തിയാണ് വിശ്വാസികൾക്ക് ചൈതന്യം പകരുന്നത്.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുമ്പോൾ പാപികൾക്ക് മാനസാന്തരവും പാപമോചനവും ഉണ്ടാകും. പരിശുദ്ധാത്മാവിന്റെ പ്രവർത്തി അവിടെ അനുഭവിക്കും. കെടാത്ത ബീജത്താൽ വീണ്ടും ജനിക്കുന്നുയെന്നാണ് ഈ പ്രതിഭാസത്തെപ്പറ്റി പുതിയനിയമം പറയുന്നത്. ഉണർവിനോ സുവിശേഷീകരണത്തിനോ ദൈവവചനമല്ലാതെ മറ്റൊന്നും അത്യാവശ്യമല്ലയെന്നു ഞങ്ങൾ വിനയപൂർവം പറയട്ടെ.

സമാനവിശ്വാസക്കാരുടെ കൈയ്യടിവാങ്ങാനാണ് ഇതര സഭകളുടെ തിന്മകളെയും പോരായ്മകളെയും പരിഹസിച്ചു സംസാരിക്കുന്നത്.

– കൺവെൻഷനുകളുടെ റാണിയാണ് മാരാമൺ കൺവെൻഷൻ. നാനാ ജാതി മതസ്ഥർ ആ മണൽപ്പുറത്തെത്തുന്നു. കത്തോലിക്കനും പെന്തെക്കോസ്തുകാരനും ഒരുമിച്ചിരുന്നു വചനം കേൾക്കുന്നു. ഇതര സഭകളെ നിന്ദിച്ചു പറയുന്ന ഒരു സാഹചര്യം ആ വേദിയിൽ ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ മുൻവിധിയോ ഭയമോ കൂടാതെ ഇതര സഭാ വിഭാഗങ്ങൾ കൺവെൻഷനെത്തുന്നു.

മാർത്തോമ്മയുടെ വേദിയിൽ കത്തോലിക്കരെയോ പെന്തെക്കോസ്തരയോ കുറ്റം പറഞ്ഞാൽ കേൾവിക്കാർക്കുണ്ടാകുന്ന വേദന ഊഹിക്കാവുന്നതേയുള്ളൂ.

നാടുനീളെ നോട്ടീസ് വിതരണം ചെയ്തു നാനാ സഭക്കാരെവിളിച്ചുവരുത്തിയിട്ടു പള്ളിയെയും പട്ടക്കാരെയും അവഹേളിച്ചു സംസാരിക്കുന്നത് നവീകരണ സഭകൾക്ക് ചേർന്നതല്ല.

യേശുക്രിസ്തു മാത്രം രക്ഷകനാണെന്നും അവിടുന്നു നിസ്തുല്യനാണെന്നും തെളിയിക്കാൻ അന്യദേവന്മാരുടെ നാമങ്ങൾ നാവിലെടുക്കേണ്ടതില്ല. ദേവന്മാരെ നിന്ദിക്കേണ്ടതുമില്ല. സത്യസഭയുടെ വിശ്വാസവും ഉപദേശവും എന്തായിരുന്നുയെന്നു തെളിയിക്കാൻ അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം പ്രസംഗിച്ചാൽ മതി. കൃപാവരങ്ങളെപ്പറ്റി പറയണമെന്നു തോന്നിയാൽ അപ്പൊസ്തല പ്രവർത്തികളും കൊരിന്ത്യലേഖനങ്ങളും ഉദ്ധരിച്ചാൽ മതിയല്ലോ. വചനം പ്രസംഗിക്കുക; വചനം മാത്രം പ്രസംഗിക്കുക. വചനത്തിന് പുറത്ത് നിന്ന് എന്തെങ്കിലും പറയേണ്ടിവന്നാൽ വളരെ ശ്രദ്ധാപൂർവ്വം ആയിരിക്കട്ടെ.

സുവിശേഷയോഗങ്ങൾക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ പ്രസംഗകരുടെ കുഴപ്പം കൊണ്ടാണെന്ന് പ്രചരണം ഉണ്ട്. അതു തികച്ചും തെറ്റാണ്. സുവിശേഷം പ്രസംഗിച്ചു തുടങ്ങിയ നാൾതൊട്ടേ എതിർപ്പുകൾ ഉണ്ടായിരുന്നു. ഒരുകൂട്ടം ജനങ്ങൾ ഏതുകാലത്തും സുവിശേഷത്തെ എതിർത്തിട്ടുണ്ട്. അപ്പൊസ്തലന്മാർ രക്തസാക്ഷികളാകേണ്ടിവന്നു. ഒന്നാം നൂറ്റാണ്ടിൽ യെരുശലേമിലെ സഭക്കും പീഡനം ഉണ്ടായി. അവർ നാലുപാടേക്കും ചിതറിപ്പോയി. പീഡനങ്ങളുടെയും എതിർപ്പുകളുടെയും ചരിത്രമാണ് ക്രിസ്ത്യാനിത്വത്തിനുള്ളത്.

പാതാളഗോപുരങ്ങൾക്കെതിരെയുള്ള പോരാട്ടത്തിലാണ് സഭ. ലോകവും പിശാചും എന്നും സഭയ്ക്ക് എതിരാണ്. സുവിശേഷം പ്രസംഗിക്കുന്നവരെ തകർക്കുക എന്നത് പിശാചിന്റെ ലക്ഷ്യമാണ്. ചെന്നായ്ക്കളുടെ ഇടയിലെ കുഞ്ഞാടുകളാണ് സുവിശേഷ പ്രസംഗകർ. ഈ കുഞ്ഞാടുകളെ കടിച്ചുകീറുക എന്ന ലക്ഷ്യം മാത്രമേ ചെന്നായ്ക്കൾക്കുള്ളൂ.

സുവിശേഷം പ്രസംഗിക്കുന്നവർ എപ്പോഴും അപകടമേഖലയിലാണ്. വാക്കിലോ പ്രവർത്തിയിലോ വീഴ്ച വന്നാൽ കുടുങ്ങിയതുതന്നെ. പ്രസംഗിക്കുമ്പോൾ ദൈവത്തിന്റെ അരുളപ്പാട് പറയുന്നുയെന്ന ബോധ്യത്തോടെ പറയുക. ഇതു പ്രവാചക തുല്യമായ വിശുദ്ധ ദൗത്യമാണ്. പ്രസംഗകൻ ക്രിസ്തുവിന്റെ സ്ഥാനപതിയാണ്. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരെ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നു പറഞ്ഞ ക്രിസ്തുവാണ് പ്രസംഗകന്റെ റോൾമോഡൽ. അവിടുന്നു സംസാരിച്ചതുപോലെ ആരും ഒരുനാളും പ്രസംഗിച്ചിട്ടില്ല. അവിടുത്തെ ലാവണ്യവാക്കുകൾ പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല എന്നാണ് യേശുകർത്താവിനെപ്പറ്റി ചുറ്റും കൂടിയവർ പറഞ്ഞത്.

– അവിടുന്നു ബദ്ധന്മാർക്ക് വിടുതൽ വിളംബരം ചെയ്തു.

– അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം നൽകി.

– ജനത്തിന്റെ മുറിവുകളെ കെട്ടി.

– വേദനിക്കുന്നവരുടെ കണ്ണീരൊപ്പി

– രോഗികളെ സുഖപ്പെടുത്തി; ഭൂതങ്ങളെ പുറത്താക്കി.

സ്വർഗത്തിലെ സകല അധികാരവും ഞാൻ നിങ്ങൾക്ക് നൽകുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു ഉപദേശിച്ച് സകലജാതികളെയും ശിഷ്യരാക്കുക. ഈ നിയോഗമാണ് സുവിശേഷം പ്രസംഗിക്കുന്നവർക്ക് ഉള്ളത്. വചനഘോഷണവേദികളിൽ കേൾക്കുന്നത് സുവിശേഷം തന്നെയോ?

ക്രിസ്തുവോ അപ്പോസ്തലന്മാരോ ഈ ജനത്തോടു ഇങ്ങനെ പ്രസംഗിക്കുമായിരുന്നുവോ?

സംഘടനയുടെ ശക്തിപ്രകടനങ്ങളായി കൺവെൻഷനുകൾ മാറുന്നില്ലേ?

സുവിശേഷഘോഷണത്തിനുപയോഗിക്കേണ്ട പണം കൊണ്ട് ധൂർത്തും ആഡംബരവും കാണിക്കാറില്ലേ?

ഇതൊക്കെ സഹിക്കാം; പൊതുജനങ്ങളെ വിളിച്ചുകൂട്ടിയിട്ട് അവരെ ആക്ഷേപിക്കാൻ എന്തവകാശം?

പരമ്പരാഗത സഭകളുടെ എതിർപ്പിനെ നവീകരണ സമൂഹത്തിന് നേരിടേണ്ടിവന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം ഇവിടെ മറക്കുന്നില്ല. എന്നാൽ അവരുടെ സഭാ ജനങ്ങളുടെ കപ്പക്കാലായിലാണ് കൺവൻഷൻ വേദികൾ കെട്ടിയത്. അവർ നൽകിയ വാടകവീടുകളായിരുന്നു ഉണർവുകാരുടെ വിശ്വാസഭവനങ്ങൾ. അവരുടെ സ്കൂളുകളിലും കോളേജുകളിലുമാണ് നവീകരണക്കാരുടെ കുട്ടികൾ പഠിച്ചത്. അല്ല; അവരുടെ സെമിനാരികളിലാണ് മിക്ക നവീകരണ നേതാക്കന്മാരും അഭ്യസിച്ചതും ഉപരിപഠനം നടത്തിയതും. കൈയ്യിലിരിക്കുന്ന വേദപുസ്തകം പോലും അവർ നൽകിയതാണ്.

ഉപദേശകപരമായ കാര്യങ്ങളിൽ വിയോജിച്ചുകൊൾക; എന്നാൽ വിമർശിക്കുമ്പോൾ മിതത്വം പാലിക്കുക. അതു അന്തസ്സിന്റെ ലക്ഷണമാണ്.

ഇരുട്ടിനെ ചീത്തവിളിക്കാതെ തന്നെ വെളിച്ചത്തെപ്പറ്റി സംസാരിക്കാനാവും.



നീതിയും വിശുദ്ധിയും പ്രസംഗിക്കാൻ പാതാള ഗോപുരങ്ങളിലെ അന്ധകാരശക്തികളെപ്പറ്റി കർണരസമാകുമാറു വർണ്ണിക്കേണമെന്നില്ല. മദ്യത്തിനും വെറിക്കൂത്തിനും അടിമകളായി ജീവിച്ചപ്പോൾ നടത്തിയ അധമ വ്യാപാരങ്ങളുടെ വർണനകൾ നടത്തുവാൻ സുവിശേഷ വേദികൾ ഉപയോഗിക്കരുത്. “ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി; സകലതും കഴിഞ്ഞുപോയി, ഇതാ പുതിയതായിരിക്കുന്നു..” ഇതാണ് ക്രിസ്ത്യാനിത്വം നൽകുന്ന സർട്ടിഫിക്കറ്റ്.

മതേതരസംസ്കാരം സംരക്ഷിക്കാൻ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് സുവിശേഷ പ്രസംഗകർക്കാണ്.

അച്ചൻകുഞ്ഞ് ഇലന്തൂർ

# പമ്പയുടെ ദുഃഖം, നമ്മുടെയും

**1-ാം പേജിന്റെ തുടർച്ച**

നിത്യസാക്ഷികളായിരിക്കുമെന്ന് ജനം വിശ്വസിക്കുന്നു. ഇവ സംരക്ഷിക്കപ്പെടേണ്ടതാണെന്ന സത്യം മാത്രം ആരും പറഞ്ഞില്ല. പ്രകൃതിയിലെ മാറ്റങ്ങൾ ഇങ്ങനെയാണ്: ഒരു മനുഷ്യായുസ്സു കൊണ്ട് അളക്കാനാവാത്ത വിധം പരന്നു കിടക്കുന്നു. മണൽ വാരിയാൽ പുഴ മരിക്കുമെന്നും അവിടം ഭാവിയിൽ ഊഷരഭൂമിയാകുമെന്നും പ്രകൃതി കാട്ടിത്തരുന്നത് നൂറോ നൂറ്റമ്പതോ ഇരുന്നൂറോ വർഷം കൊണ്ടാണ്. അപ്പോഴേക്കും കാലം അവസാനിക്കുമല്ലോ എന്ന് ആശ്വസിക്കാം. ടണലു മുറിക്കുക, മല ഇടിക്കുക, പാറ നിരത്തുക, കൃഷി വേണ്ടെന്നു വയ്ക്കുക... തലമുറകൾ മരുഭൂമിയെ അവകാശമാക്കുന്നതിനുള്ള കളമൊരുക്കമാണ് നടക്കുന്നത്. ഭക്ഷ്യക്ഷാമം, ജലക്ഷാമം, കനത്ത ചൂട് എന്നിവ കാത്തിരിക്കുന്നു.

കൺവൻഷനുകൾ വേണമെങ്കിൽ കരയിലും നടത്താം. നികത്തിയ പാടത്തും വചനം വിതയ്ക്കാം. മണൽപ്പുറ കൺവൻഷൻ ലോകത്തെവിടെയുമില്ലാത്തതാണ്. ഗംഗയിൽ മണൽപ്പുറമില്ല. ബ്രഹ്മപുത്ര ഒഴുകുന്ന കടലാണ്. കൃഷ്ണയിലും ഗോദാവരിയിലും മണൽപ്പുറമുണ്ടെങ്കിലും കൺവൻഷനുകൾ ഇല്ല. തിരുച്ചിറ ഭാഗത്ത് കാവേരിയിൽ മണൽപ്പുറമുണ്ട്. പക്ഷേ മാരാമണ്ണോളം വരില്ല. ലോകത്തിൽ മറ്റെങ്ങും മാരാമൺ പോലെയൊരു മണൽപ്പുറമില്ല. കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രസാഹചര്യത്തിൽ രൂപപ്പെട്ടതാണ് മണൽപ്പുറങ്ങൾ.

പമ്പാനദിയുടെ ഗതി ഇപ്പോഴത്തേതു പോലെയല്ലായിരുന്നു. വശങ്ങൾ നിബിഡവനം. ഇന്നേക്ക് രണ്ടായിരം വർഷം മുമ്പ് മഴ കുറഞ്ഞ് നദി ഇപ്പോഴത്തേതു പോലെയായി. നദി ഗതി മാറാൻ തുടങ്ങി. വശങ്ങളിലെ വനങ്ങൾ കട പുഴകി. ഇപ്പോഴും പമ്പാതീരത്ത് ആഴത്തിൽ മരക്കുറ്റികൾ കാണാം.

ഏഴായിരം വർഷം മുമ്പ് മഴയും വെയിലും പ്രളയവും ഒഴുക്കും ചേർന്ന് സൃഷ്ടിച്ച മണൽ ഇനി ഉണ്ടാകണമെന്നുണ്ടോ. പ്രകൃതിയിലെ ഈ അപൂർവ്വ വസ്തു ഇനി ഉണ്ടാകണമെങ്കിൽ മഴയുടെ തോത് ഇനി ഉയരണം. കുറഞ്ഞത് ആയിരത്തോളം വർഷം മഴ ഇപ്പോഴത്തേതിലും ശക്തമായി പെയ്യണം, പാറ പൊടിയണം. പൊടിയാൻ പാറയുമില്ലാതായിക്കൊണ്ടിരിക്കുകയാണ്.

ഒഴുക്കിൽ നദിയിലൂടെ മണൽ വന്ന് നദീതീരങ്ങളിൽ നിക്ഷേപമാകണം. എങ്കിലേ മാരാമണ്ണിൽ വീണ്ടും മണൽസമൂഹമായി നിറയൂ. മൂഴിയാർ, കൊച്ചുപമ്പ, കക്കി, ആനത്തോട് എന്നീ ഡാമുകൾ വന്നത് മണലിന്റെ വരവു കുറച്ചു. ഇവ തുറന്നു വിട്ടാൽ മണൽവരവു കൂടും. പക്ഷേ ജലവൈദ്യുതിയെ ആശ്രയിക്കുന്ന നമുക്ക് ഡാം ഉപേക്ഷിക്കാനാവില്ല. അതിനാൽ നദീതീരത്ത് അവശേഷിക്കുന്ന മണൽ പുരാവസ്തുവായി സംരക്ഷിക്കുകയാണ് വേണ്ടത്. ഇതിന് ആഴത്തിലുള്ള പഠനം ആവശ്യമാണ്. ലോകത്തിലെ മികച്ച ജല എഞ്ചിനിയറിംഗ് വിദഗ്ദ്ധരെ ഇതിനായി നിയോഗിക്കണം.

കേരളസർക്കാരും സഭയും പള്ളിയോട സേവാസംഘവും മറ്റ് കൺവൻഷൻ സംഘാടകരും ജനങ്ങളും ഇതിനായി രംഗത്തു വരണം.

## ഉണർവിന്റെ തേരോടിയ മണ്ണിലൂടെ



**തൃക്കണ്ണമംഗലിൽ പെന്തക്കോസ്തു സന്ദേശം പ്രചരിപ്പിച്ച ആദ്യകാലത്തെ പ്രമുഖ സുവിശേഷകർ: പാസ്റ്റർ അഷ്ടമുടി ഉമ്മച്ചൻ (1884-1962), പാസ്റ്റർ.എ.ആർ.ടി അതിശയം(1899-1958), പാസ്റ്റർ.കുറിയന്നൂർ തോമാച്ചൻ (1901-2005), പാസ്റ്റർ.എ.ജെ ജോൺ (1882-1973), പാസ്റ്റർ എ.കെ വർഗ്ഗീസ് (1885-1959), പാസ്റ്റർ. പോൾ (1881-1945), പാസ്റ്റർ.ടി.ജി ഉമ്മൻ (1905-1985)**

# യെരുശലേം മുതൽ കൊട്ടാരക്കര വരെ



**ഷാജി മാറാനാഥാ**

എന്നാൽ അന്ത്യകാലത്ത് സകലജഡത്തിൻമേലും ഞാനെന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധൻമാർ ദർശനങ്ങളെ കാണും..... എന്ന് യോവേൽ പ്രവാചകനിലൂടെ ലോകം കേട്ടറിഞ്ഞ ദൈവത്തിന്റെ മാറ്റമില്ലാത്ത അരുളപ്പാടുകൾ ഈ കാലഘട്ടത്തെ ഇളക്കി. 1900 -ാം മാണ്ടിന്റെ തുടക്കത്തിൽ തന്നെ അമേരിക്കയിലെ കാൻസാസിലുള്ള റ്റോപ്പിക്ക സിറ്റിയിലെ ഒരു വേദവിദ്യാർത്ഥിയിൻമേൽ ആ മഹാശക്തി ഇറങ്ങി... ഒരു ശക്തിക്കും നിയന്ത്രിക്കാനാവാത്ത വിധം ആ ശക്തി ലോകത്തെ കീഴടക്കി. മനുഷ്യന്റെ ആത്മകണ്ണുകളെ കുരുടാക്കി അടക്കിവാണിരുന്ന സാമ്രാജ്യത്വ മതത്തിന്റെ വേലിക്കെട്ടുകളെ തകർത്ത് പെന്തക്കോസ്ത് നാളിൽ പെയ്തിറങ്ങിയ ആ ദിവ്യശക്തി ജനകോടികളെ തഴുകിയുണർത്തി.. പെന്തക്കോസ്തു- കരിസ്മാറ്റിക് ഗ്രൂപ്പുകൾ ഇന്ന് ലോകത്തെ കീഴടക്കുകയാണ്....

**ലോ**കത്തെ കീഴടക്കുന്ന ലോകത്തിന്റേതല്ലാത്ത ശക്തിയാണ് ഇന്ന് പെന്തക്കോസ്ത്. പാരമ്പര്യസാമ്രാജ്യ ശക്തികൾ ക്രിസ്തീയ സഭയെ തങ്ങളുടെ ഔദ്യോഗിക മതമാക്കിയപ്പോൾ, പിതൃ പുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന്റെ സ്ഥാനത്ത് നിഗൂഢമായി മനുഷ്യപ്രതിബിംബങ്ങളെ തിരുകി കയറ്റിയപ്പോൾ സഭ ലോകത്തിന്റേതായി. സഭയെ നയിച്ചവർ ഭരണാധികാരികളായി. സൽഗുണ സമ്പൂർണ്ണമായിരുന്ന ദൈവസഭ രാജകല്പ്പനയ്ക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായി ചലിച്ചു.

എന്നാൽ അന്ത്യകാലത്ത് സകലജഡത്തിൻമേലും ഞാനെന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധൻമാർ ദർശനങ്ങളെ കാണും..... എന്ന് യോവേൽ പ്രവാചകനിലൂടെ ലോകം കേട്ടറിഞ്ഞ ദൈവത്തിന്റെ മാറ്റമില്ലാത്ത അരുളപ്പാടുകൾ ഈ കാലഘട്ടത്തെ ഇളക്കി. 1900 -ാം മാണ്ടിന്റെ തുടക്കത്തിൽ തന്നെ അമേരിക്കയിലെ കാൻസാസിലുള്ള റ്റോപ്പിക്ക സിറ്റിയിലെ ഒരു വേദവിദ്യാർത്ഥിയിൻമേൽ ആ മഹാശക്തി ഇറങ്ങി... ഒരു ശക്തിക്കും നിയന്ത്രിക്കാനാവാത്ത വിധം ആ ശക്തി ലോകത്തെ കീഴടക്കി. മനുഷ്യന്റെ ആത്മകണ്ണുകളെ കുരുടാക്കി അടക്കിവാണിരുന്ന സാമ്രാജ്യത്വ മതത്തിന്റെ വേലിക്കെട്ടുകളെ തകർത്ത് പെന്തക്കോസ്ത് നാളിൽ പെയ്തിറങ്ങിയ ആ ദിവ്യശക്തി ജനകോടികളെ തഴുകിയുണർത്തി.. പെന്തക്കോസ്തു-കരിസ്മാറ്റിക് ഗ്രൂപ്പുകൾ ഇന്ന് ലോകത്തെ കീഴടക്കുകയാണ്....

1909ൽ അസുസാ സ്ട്രീറ്റിലെ ഉണർവ്വിൽ നിന്ന് പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ചെത്തിയ ജോർജ് ഇ. ബർഗ് എന്ന ബാപ്റ്റിസ്റ്റ് മിഷണറി മറ്റ് പ്രസിദ്ധ മിഷണറിമാരൊടൊപ്പം തൃക്കണ്ണമംഗലിലെ ബ്രദറൺ കൺവൻഷനിൽ പങ്കെടുത്ത് താനനുഭവിച്ച ശക്തിയെ കുറിച്ച് പ്രസംഗിച്ചു. കേരളം കേട്ട പെന്തക്കോസ്തിന്റെ ആദ്യത്തെ സന്ദേശം...! പക്ഷേ ആ സന്ദേശം പ്രസ്തുത കൺവൻഷനിൽ അംഗീകരിക്കപ്പെട്ടില്ല. 1910ലും അദേഹം എത്തി അതേ കൺവൻഷനിൽ പെന്തക്കോസ്തനുഭവം പ്രസംഗിച്ചു. ,സദസ് അതും തിരസ്കരിച്ചു. 1911ൽ പെന്തക്കോസ്തു അനുഭവം പ്രസംഗിക്കുക എന്ന ലക്ഷ്യത്തോടെ അദേഹം വീണ്ടും തൃക്കണ്ണമംഗലിലെത്തി. സ്വതന്ത്രമായി പെന്തക്കോസ്തു സന്ദേശം പ്രസംഗിച്ചു. കേരളത്തിലെ ആദ്യത്തെ പെന്തക്കോസ്തു കൺവൻഷനായിരുന്നു അത്..! പിന്നീട് ആ സന്ദേശവും അനുഭവവും കേരളത്തിൽ വലിയ ചലനം സൃഷ്ടിച്ചു. സന്ദേശവും അനുഭവവും അനേകരെ ഒരുമിച്ച് കൂട്ടിയപ്പോൾ അത് കൂട്ടായ്മകളായി, കൂട്ടായ്മകൾ ശക്തിയാർജിച്ചപ്പോൾ അവ പ്രാദേശിക പെന്തക്കോസ്തു സഭയായി.... ആ സഭ ദേശവും അതിരും കടന്ന് ഭാരതമെങ്ങും വ്യാപിച്ചു.

ലോകത്തെ ആത്മീകനവീകരണ ശക്തിയായ പെന്തക്കോസ്തിനു പിന്നാലെ വന്ന കരിസ്മാറ്റിക് ചൈതന്യം പരിശുദ്ധാത്മ ശക്തിയുടെ തീനാളമായി, ഉണർവ്വിന്റെ അലയടിയായി, മാനവരാശിയെ കീഴടക്കുന്നു. ഗ്വാട്ടിമാലയിൽ ജനസംഖ്യയുടെ 60% പേർ പെന്തക്കോസ്തു കരിസ്മാറ്റിക് ഗ്രൂപ്പിൽ പെടുന്നവരാണ്. കത്തോലിക്ക രാജ്യമായ ഫിലിപ്പിയൻസിലും കരിസ്മാറ്റിക് മൂവ്മെന്റുകൾ പരമ്പരാഗത ആരാധനാ രീതികളെ കീഴടക്കിക്കഴിഞ്ഞു. ബ്രസീലും ശക്തമായ ആത്മീക ചലനത്തിന്റെ പാതയിലാണ്. ഇവിടെയൊക്കെ ജനസംഖ്യയിൽ 50% ന് മുകളിൽ ജനങ്ങൾ പെന്തക്കോസ്തു -കരിസ്മാറ്റിക് ആശയങ്ങളിൽ ആകൃഷ്ടരായിക്കഴിഞ്ഞു. ഈ മൂന്ന് രാജ്യങ്ങളും ലോകത്തെ കരിസ്മാറ്റിക് മുന്നേറ്റത്തിന് ഇന്ന് സാക്ഷ്യം വഹിക്കുന്നു. കെനിയ, നൈജീരിയ, സൗത്ത് ആഫ്രിക്ക, അമേരിക്ക, ദക്ഷിണകൊറിയ, ചിലി തുടങ്ങിയ രാജ്യങ്ങൾ ആത്മീക നവീകരണത്തിന്റെ കുത്തൊഴുക്കിൽ തന്നെയാണ്. ഇന്ത്യയിലും കരിസ്മാറ്റിക് മൂവുമെന്റുകളിലൂടെയും പെന്തക്കോസ്ത് സഭാവിഭാഗങ്ങളിലൂടെയും ന്യൂജനറേഷൻ ചർച്ചുകളിലൂടെയും ഇക്കാലഘട്ടത്തിൽ വലിയൊരു ആത്മീകവിപ്ലവത്തിനു തന്നെ തുടക്കം കുറിക്കുവാൻ ഇടയായിട്ടുണ്ട്. കേരളത്തിൽ കത്തോലിക്കാ സമൂഹത്തിലെ കരിസ്മാറ്റിക് ധ്യാന സമ്മേളനങ്ങളിലൂടെ വിശ്വാസികൾക്കും ഇടവകകൾക്കും ഉണ്ടായിട്ടുള്ള നവീകരണം വളരെ വലുതാണ്. ഇപ്പോൾ ഈ മുന്നേറ്റം മറ്റിതര സഭാവിഭാഗങ്ങളെയും സ്വാധീനിക്കുകയും അനവധി നവീകരണഗ്രൂപ്പുകൾ സഭാവിഭാഗമന്യേ കേരളത്തിൽ ഉടലെടുക്കുവാൻ കാരണമാവുകയും ചെയ്യുന്നു. 2001ലെ കണക്കനുസരിച്ച് ലോകജനസംഖ്യയിൽ 10 ൽ ഒരാൾവീതം പെന്തക്കോസ്തു-കരിസ്മാറ്റിക്ക് വിഭാഗക്കാരനാണ്. 2009 ആകുമ്പോൾ അതിന്റെ വളർച്ച വർദ്ധിക്കുന്നതേയുള്ളു...മതപരമായ കണക്കിൽ കത്തോലിക്കർ കഴിഞ്ഞാൽ രണ്ടാമത് സ്ഥാനം ഇന്ന് പെന്തക്കോസ്തു-കരിസ്മാറ്റിക്ക് സമൂഹം കയ്യടക്കിയിരിക്കുന്നു....

എന്തുകൊണ്ട് ഇങ്ങനെയൊരു വളർച്ച? ഉത്തരം വാക്കു മാറാത്ത ദൈവത്തിന്റെ വാഗ്ദത്തം നിവർത്തീകരിക്കപ്പെടുന്നു എന്ന് തന്നെയാണ്....! അതുകൊണ്ട് തന്നെ ഇന്ത്യയുടേയും മറ്റനേക ദേശങ്ങളുടെ സുവിശേഷീകരണത്തിന് ചുക്കാൻ പിടിക്കുന്ന പെന്തക്കോസ്തു മലയാളിയുടെ സ്വന്തം ദേശം പെന്തക്കോസ്തനുഭവത്തിന്റെ നൂറ് വർഷം പിന്നിടുന്നു എന്ന് കേൾക്കുമ്പോൾ അഭിമാനപൂരിതമാവുകയാണന്തരംഗം...



**20-ാം നൂറ്റാണ്ടിലെ പെന്തക്കോസ്തു ഉണർവിന്റെ ശക്തമായ പ്രചാരണത്തിന് ദൈവത്താൽ നിയോഗിക്കപ്പെട്ട വില്ല്യം .ജെ. സെയ്മൂർ**



**ചാൾസ് ഫോക്സ് പർഹാമും അദേഹത്തിന്റെ ബൈബിൾ സ്കൂളിൽ വച്ച് പരിശുദ്ധാത്മ ശക്തി പ്രാപിച്ച ആഗ്നസ് ഓസ്മാനും**

## ഉണർവിന്റെ തേരോടിയ മണ്ണിലൂടെ




തൃക്കണ്ണമംഗലിലെ ആദ്യത്തെ പെന്തക്കോസ്തു സഭയായ മലങ്കര ദൈവസഭയുടെ ഇന്നത്തെ ഹാൾ

> 1901 മുതൽ വടക്കേയിന്ത്യയിൽ മിഷണറി ദൗത്യത്തിലേർപ്പെട്ടു വന്ന ജോർജ് ഇ. ബർഗ്ഗ് എന്ന ജർമ്മൻ വംശജനായ അമേരിക്കൻ ബാപ്റ്റിസ്റ്റ് മിഷണറിയും ഈ വാർത്ത കേട്ടു 1908 ൽ അസൂസയിലേക്ക് പോയി ആ യോഗങ്ങളിൽ പങ്കെടുത്ത് അന്യഭാഷാ അടയാളത്തോടെ പരിശുദ്ധാത്മശക്തി പ്രാപിച്ചു.

# ആത്മാവിന്റെ പ്രവാഹം

**ലോ**കമെങ്ങും നിറഞ്ഞ് പെരുകുന്ന പരിശുദ്ധാത്മ ശക്തിയാൽ അധിഷ്ഠിതമായ പെന്തെക്കോസ്തു അനുഭവത്തിന്റെ നിറസത്യം ഇന്ത്യയിൽ ആദ്യമായി പ്രഘോഷിക്കപ്പെട്ട സ്ഥലമാണ് കേരളത്തിലെ കൊട്ടാരക്കരയിലുള്ള തൃക്കണ്ണമംഗൽ പ്രദേശം. ആത്മശക്തിയുടെ വ്യാപാരത്താൽ ഉണർത്തപ്പെട്ട ഈ മണ്ണിൽ വേരുപിടിച്ച സുവിശേഷ വിഹിത കൂട്ടായ്മകളും അവയുടെ വളർച്ചയും ഈ ദേശത്തിന്റെ ആത്മീയ പൈതൃകത്തേയും പ്രാധാന്യതയേയും വെളിപ്പെടുത്തുന്നു...

കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് ശിഷ്യന്മാരോട് അരുളിച്ചെയ്ത വാഗ്ദത്തപ്രകാരം "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു." അപ്പൊ. 1 : 8. സ്വർഗ്ഗാരോഹണം കഴിഞ്ഞ് പെന്തെക്കോസ്തു നാളിൽ മർക്കോസിന്റെ മാളികയിൽ കൂടിയിരുന്ന 120 പേരുടെ മേൽ തന്റെ പരിശുദ്ധാത്മാവിനെ പകർന്നു. "എല്ലാവരും പരിശുദ്ധാത്മാവുനിറഞ്ഞവരായി ആത്മാവു അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി." (അപ്പൊ. 2 : 4)

ഒന്നാം നൂറ്റാണ്ടിൽ തന്നെ ലോകത്തിൽ എല്ലായിടത്തും സഭകൾ സ്ഥാപിക്കപ്പെട്ടു. നൂറ്റാണ്ടുകൾ മുൻപോട്ടു പോയപ്പോൾ വിവിധ വിപരീതോപദേശങ്ങൾ സഭയിൽ കടന്നുകൂടുകയും സഭകളിൽ പരിശുദ്ധാത്മാവിന്റെ ശക്തി നഷ്ടപ്പെടുകയും ചെയ്തു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരിത്രകാരൻ യോസിഫസിന്റെ അഭിപ്രായപ്രകാരം കേരളത്തിൽ എ.ഡി. 52 തന്നെ സെന്റ് തോമസിന്റെ ആഗമനത്തോടെ സിറിയൻ, അസേരിയൻ സഭകളുടെ പ്രവർത്തനം ആരംഭിച്ചിരുന്നു.

അന്ത്യകാലത്തു സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്ന വാഗ്ദത്തം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പ്രകടമായി വെളിപ്പെട്ടു. 1900-ാമാണ്ട് ജനുവരി ഒന്നാം തീയതി തന്നെ അമേരിക്കയിൽ കാൻസാസിലെ റ്റോപ്പിക്കാ സിറ്റിയിൽ ചാൾസ് ഫോക്സ് പർഹാം എന്ന സുവിശേഷകൻ നടത്തി വന്ന ബൈബിൾ സ്കൂളിലെ ആഗ്നസ് ഓസ്മാൻ എന്ന വിദ്യാർത്ഥിനി അന്യഭാഷ അടയാളത്തോടെ പരിശുദ്ധാത്മ ശക്തിയാൽ നിറയപ്പെട്ടു. ആ നവനീത ശക്തിയുടെ മഹത്വവും സന്ദേശവും സംസാര വിഷയമായി. തന്റെ ബൈബിൾ സ്കൂളിൽ ഉണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചാൾസ് പർഹാം അപ്പോസ്തലിക്ക് ഫെയ്ത്ത് എന്ന പേരിൽ ആരംഭിച്ച പെന്തെക്കോസ്തു പ്രവർത്തനം വളരെ വേഗത്തിൽ അമേരിക്ക മുഴുവൻ ശക്തിയോടെ വ്യാപിച്ചു.

ഈ കാലഘട്ടത്തിലൊരിക്കൽ ചാൾസ് പർഹാം ഹൂസ്റ്റണിൽ നടത്തിയ യോഗത്തിൽ പങ്കെടുക്കാനെത്തിയ വില്ല്യം ജെ.സെയ്മൂർ എന്ന കറുത്ത വർഗ്ഗക്കാരനായ യുവാവിനെ അന്ന് അമേരിക്കയിൽ കൊടി കുത്തി വാണിരുന്ന വർഗ്ഗവിവേചനം മൂലം പ്രസംഗസ്ഥലത്ത് പ്രവേശിപ്പിച്ചില്ല. എങ്കിലും സെയ്മൂർ പിന്മാറിയില്ല. യോഗം നടന്ന ഹാളിന് വെളിയിൽ നിന്ന് കൊണ്ട് ആ യുവാവ് പർഹാമിന്റെ പ്രസംഗം കേട്ടു. ദൈവത്തിന്റെ നിയോഗമായതിനാലാകാം അന്ന് മുതൽ ആ പ്രസംഗത്തിലെ കേന്ദ്രവിഷയമായ പരിശുദ്ധാത്മശക്തിയെ പ്രാപിക്കാനായി സെയ്മൂർ കാത്തിരിപ്പു തുടങ്ങി. അതിനായി ദിവസവും 4-7 മണിക്കൂർ വരെ തുടർച്ചയായി 4 വർഷത്തോളം വാഞ്ചയോടെ പ്രാർത്ഥിച്ചു. ഒടുവിൽ ദൈവം സെയ്മൂറിനെ തന്റെ അത്യന്തശക്തിയാൽ അന്യഭാഷ അടയാളത്തോടെ നിറച്ചു. തുടർന്ന് 1906 മുതൽ ദൈവനിയോഗത്താൽ കാലിഫോർണിയയിലെ ലോസാഞ്ചലസിലുള്ള അസൂസാ സ്ട്രീറ്റിൽ സെയ്മൂർ ഉണർവ് യോഗം ആരംഭിച്ചു.തുടക്കം മുതൽ ദൈവം സെയ്മൂറിനെ ഉപയോഗിക്കുവാൻ തുടങ്ങി. പരിശുദ്ധാത്മ ശക്തിയുടെ കവിഞ്ഞൊഴുക്ക് യോഗങ്ങളിൽ പ്രകടമായി. സംഭവം എന്തെന്നറിയുവാൻ കടന്നു വന്ന ആയിരങ്ങൾ പരിശുദ്ധാത്മാവിന്റെ നിറവിൽ ആനന്ദ നൃത്തം ചെയ്തു. മാരക രോഗികൾ സൗഖ്യമായി



പാസ്റ്റർ റോബർട്ട് എഫ്. കുക്ക്

ആയിരങ്ങൾ അനുതാപത്തോടും കണ്ണുനീരോടും ദൈവത്തിന്റെ മഹാശക്തി അനുഭവിച്ചറിഞ്ഞു. പത്രങ്ങൾ വലിയ തലക്കെട്ടിൽ അസൂസയുടെ ആത്മീക ഉണർവ്വ് റിപ്പോർട്ട് ചെയ്തു ലോകം മുഴുവൻ ഈ വാർത്ത കേട്ടു. അനേകർ അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും മറ്റു ചിലർ വിവിധ രാജ്യങ്ങളിൽ നിന്നും കടന്നുപോയി ഈ യോഗങ്ങളിൽ പങ്കെടുത്തു ആത്മ നിറവ് പ്രാപിച്ചു. പരിശുദ്ധാത്മശക്തിയുടെ നിയന്ത്രിക്കാനാവാത്ത പ്രകടനങ്ങളാൽ ഈ യോഗങ്ങൾ 3 വർഷത്തോളം നീണ്ടുപോയി....! 1901 മുതൽ വടക്കേയിന്ത്യയിൽ മിഷണറി ദൗത്യത്തിലേർപ്പെട്ടു വന്ന ജോർജ് ഇ. ബർഗ്ഗ് എന്ന ജർമ്മൻ വംശജനായ അമേരിക്കൻ ബാപ്റ്റിസ്റ്റ് മിഷണറിയും ഈ വാർത്ത കേട്ടു 1908 ൽ അസുസയിലേക്ക് കടന്ന് പോയി ആ യോഗങ്ങളിൽ പങ്കെടുത്ത് അന്യഭാഷാ അടയാളത്തോടെ പരിശുദ്ധാത്മ ശക്തി പ്രാപിച്ചു. (ഈ യോഗങ്ങളിൽ വൻരോഗസൗഖ്യം നടക്കുന്നതായി കേട്ടറിഞ്ഞ ആർ.എഫ് കുക്കും രോഗിയായ തന്റെ ഭാര്യയുമായി ആ യോഗങ്ങളിൽ പങ്കെടുക്കുകയും പരിശുദ്ധാത്മ ശക്തി പ്രാപിക്കുകയും ചെയ്തതായി തന്റെ ചരിത്രരേഖകളിൽ പറയുന്നു.)

## ഇന്ത്യയിലെ പ്രഥമ പെന്തെക്കോസ്തു വേദപഠനകേന്ദ്രം തൃക്കണ്ണമംഗലിൽ...

**ഇ**ന്ത്യയിലെ പെന്തെക്കോസ്തിന്റെ പ്രഥമകേന്ദ്രം തമിഴ്നാട്ടിലെ കുന്നൂർ ആണെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. നോർവ്വെ സ്വദേശിയായിരുന്ന റവ. തോമസ്സ് ബാരറ്റ് എന്നദ്ദേഹം സഭയ്ക്ക് ധനശേഖരണാർത്ഥം അമേരിക്കയിലേക്ക് പോവുകയും അവിടെ അസൂസ സ്ട്രീറ്റിൽ വച്ച് പെന്തെക്കോസ്തു അനുഭവം പ്രാപിച്ച് കുന്നൂരിൽ വന്ന് ഉണർവ്വ് യോഗങ്ങൾ നടത്തുകയും ചെയ്തു. 1907-ൽ നടത്തപ്പെട്ട ഈ ഉണർവ്വു യോഗങ്ങളിൽ വച്ചാണ് ബ്രദറൺ മിഷനറിമാരായിരുന്ന ആൾഡ്വിങ്കിൽ, ബൗൺസിൽ, ആംഗ്ലോ ഇന്ത്യൻ മിഷനറി ബ്രദർ കമ്മിൻസ് എന്നിവർ പെന്തക്കോസ്തു അനുഭവം പ്രാപിക്കുന്നത്. പെന്തെക്കോസ്തു പ്രസ്ഥാന രൂപീകരണത്തിൽ ഇവർക്കുള്ള പങ്ക് പിൽക്കാല ചരിത്രമാണല്ലോ.

എന്നാൽ കേരളത്തിൽ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് കാരണമായി തീർന്ന സ്ഥലം കൊട്ടാരക്കരയ്ക്ക് സമീപമുള്ള തൃക്കണ്ണമംഗൽ ആണ്. ബ്രദറൺ പ്രസ്ഥാനത്തിനും തൃക്കണ്ണമംഗലിൽ ശക്തമായ വേരോട്ടം അതിനു മുമ്പു തന്നെ ഉണ്ടായിരുന്നു. ആയതിനാൽ ബ്രദറൺ പെന്തെക്കോസ്തു സുവിശേഷവിഹിത വചനാധിഷ്ഠിത നവോത്ഥാന പ്രവർത്തനങ്ങളുടെ കേന്ദ്രമായി തൃക്കണ്ണമംഗൽ ചരിത്രത്തിൽ പരിലസിക്കുന്നു. പ്രഥമ പ്രവർത്തകനായ ജോർജ്ജ് ബർഗ്ഗിന്റെ പിൻഗാമിയായ കുക്ക് സായിപ്പ് തൃക്കണ്ണമംഗലിൽ വില്ലാകോണത്ത് വീട്ടിൽ താമസിച്ചുകൊണ്ട് കേരളത്തിന്റെ വിവിധയിടങ്ങളിൽ പ്രവർത്തിക്കുകയും അചിരേണ മലങ്കര പൂർണ്ണസുവിശേഷ സഭ എന്ന പ്രസ്ഥാനം കരുപിടിപ്പിക്കുകയും ചെയ്തു. ഉണ്ണുണ്ണി സാർ നേതൃത്വം നല്കിയിരുന്ന തെന്നിന്ത്യാ പെന്തെക്കോസ്തു സഭയും മേൽപ്പറഞ്ഞ പ്രസ്ഥാനവും തമ്മിൽ ഇടക്കാലത്ത് യോജിച്ചു എങ്കിലും 1930-ൽ വേർപിരിയുകയും 1936-ൽ കുക്ക് സായിപ്പ് അമേരിക്കയിലെ ദൈവ സഭയുമായി ലയിക്കുകയും ചെയ്തു. തൃക്കണ്ണമംഗലിൽ കുക്ക് സായിപ്പിന്റെ ഭവനത്തിൽ 1921-ലാണ് ഇന്ത്യയിലെ പ്രഥമ പെന്തെക്കോസ്തു വേദപഠനകേന്ദ്രം ആരംഭിക്കുന്നത്. ഈ ബൈബിൾ പഠനകേന്ദ്രം പിന്നീട് കല്ലിശ്ശേരിക്കും മുളക്കുഴയ്ക്കും മാറ്റി സ്ഥാപിച്ചു. അതാണ് മുളക്കുഴയിലുള്ള ഇന്നത്തെ മൗണ്ട് സിയോൺ ബൈബിൾ സെമിനാരി.

1926-ൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ എത്തിയ തങ്കയാച്ചൻ എന്ന പാസ്റ്റർ. എ.ആർ.റ്റി അതിശയം (എന്റെ പ്രിയ പിതാവ്) ആ കാലയളവിൽ തന്നെ കുക്ക് സായിപ്പുമായി ബന്ധം സ്ഥാപിച്ചിരുന്നു. കല്ലിശ്ശേരിയിലേക്ക് താമസം മാറ്റി എങ്കിലും വില്ലാകോണത്ത് ആരംഭിച്ച മലങ്കര പൂർണ്ണസുവിശേഷ സഭയുടെ ആ കൂടി വരവ് തൃക്കണ്ണമംഗലിൽ തുടർന്നു പോന്നിരുന്നു. ഈ കൂടിവരവുകളിൽ പാസ്റ്റർ. അതിശയം ശുശ്രൂഷിച്ചിരുന്നു. ഈ ബന്ധം കാരണമാണ് 1933 മുതൽ സ്ഥിരമായി തൃക്കണ്ണമംഗൽ , കരിക്കം തുടങ്ങിയ കൊട്ടാരക്കരയുടെ പ്രാന്തപ്രദേശങ്ങളിൽ പാർക്കുവാൻ പാസ്റ്റർ.അതിശയം ദമ്പതികൾക്ക് സാധിച്ചത്. ഇവിടെ വച്ച് 1936 ഏപ്രിൽ 22-ന് ആണ് ഞാൻ ജനിക്കുന്നത്. തൃക്കണ്ണമംഗലിൽ അതിശയം ദമ്പതികൾ താമസിക്കുന്ന വേളയിൽ സ്വീഡൻ സ്വദേശിയായ റവ. കാൾ സ്വാൻ പാസ്റ്റർ അതിശയത്തെ യൂറോപ്യൻ പര്യടനത്തിനായി ക്ഷണിച്ചു എങ്കിലും എന്റെ പിതാവ് ആ ക്ഷണം നിരസിച്ച് തൃക്കണ്ണമംഗലിലെ പ്രവർത്തനങ്ങളിൽ സജീവമാവുകയായിരുന്നു. തൃക്കണ്ണമംഗലിലും കരിക്കത്തും താമസിക്കുമ്പോൾ പാസ്റ്റർ അതിശയത്തിന്റെ ഭവനത്തിൽ ഒരു ബൈബിൾ സ്കൂളും നടത്തപ്പെട്ടിരുന്നു.

റവ. പി.എ.വി സാം

### ഉണർവിന്റെ തേരോടിയ മണ്ണിലൂടെ

# കേരളത്തിലെ പെന്തെക്കോസ്തു മുന്നേറ്റത്തിന്റെ ആരംഭം



പാസ്റ്റർ. കെ.ജോൺ മാത്യൂ

എല്ലാ വർഷവും ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ കല്ലൂർ കുന്നുവിള സ്കൂൾ (1903 ൽ ആരംഭിച്ച സ്കൂൾ ഇന്നത്തെ സി.വി.എൻ.എം. എൽ.പി.എസ്, ആദ്യത്തെ അദ്ധ്യാപകൻ എ.ജെ.ജോൺസാർ ആയിരുന്നു.) ഗ്രൗണ്ടിൽ വച്ച് സുവിശേഷ യോഗങ്ങൾ നടത്തുക പതിവായിരുന്നു. 1909 ൽ നടന്ന കൺവൻഷനിൽ വിദേശ മിഷണറിമാരായ ബേഡ്, ലാംഗ്, മെയിനാർഡ്, മൂസാബായി, ആർതർ, ഡേവിഡ് എന്നിവരോടൊപ്പം മിഷണറി ജോർജ് ഇ.ബർഗ്ഗും പങ്കെടുത്തു. തന്റെ സന്ദേശത്തിൽ അസുസയിൽ വച്ച് താൻ പ്രാപിച്ച പരിശുദ്ധാത്മനിറവിനെക്കുറിച്ച് സംസാരിച്ചു. കേരളം കേട്ട ആദ്യത്തെ പെന്തെക്കോസ്ത് പ്രസംഗം, എന്നാൽ തന്നോടൊപ്പമുണ്ടായിരുന്ന മിഷണറിമാർ ഇത് വേദവിപരീതം എന്ന് പറഞ്ഞ് എതിർക്കുകയാണുണ്ടായത്.

പിറ്റേ വർഷവും (1910, ഡിസംബർ 13 മുതൽ 20 വരെ) മിഷണറിമാരായ നോയൽ, ഡേവിഡ്, ഗ്രാൻഡർ, ആർതർ എന്നിവരോടൊപ്പം ജോർജ് ബർഗ് വീണ്ടും തൃക്കണ്ണമംഗൽ കൺവൻഷനിൽ പ്രസംഗിക്കാനെത്തി. അന്നും അദ്ദേഹം താനനുഭവിക്കുന്ന പരിശുദ്ധാത്മ നിറവിനെക്കുറിച്ച് പ്രസംഗിച്ചു. കല്ലൂർ ചാക്കോച്ചന്റെ ഭവനത്തിൽ വിശ്രമിച്ച ജോർജ്ജ് ബർഗ്ഗിനെയും പരിഭാഷകനെയും തുവയൂരിലെ ബ്രദറൺ വിശ്വാസികൾ കൂട്ടികൊണ്ടുപോയി പ്രസംഗിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ബ്രദറൺകാരുടെ എതിർപ്പ് ശക്തമായതിനാൽ 1911 ൽ തൃക്കണ്ണമംഗലിലെത്തിയ ബർഗ്ഗ് തന്റെ പരിഭാഷകനായ റിട്ടയേർഡ് ഗവ. സർവേയറായിരുന്ന ആംഗ്ലോ ഇന്ത്യൻ മിഷണറി ബ്രദർ കമ്മിൻസുമൊത്ത് സ്വതന്ത്രമായ മീറ്റിംഗുകൾ നടത്തി. തൃക്കണ്ണമംഗലിൽ മണിമന്ദിരം എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുടുംബ വക തെങ്ങിൻപുരയിടത്തിൽ (ഇന്നത്തെ മലങ്കര ലൈൻ റോഡിന്റെ കവാടത്തിന് സമീപമാണ് ഈ പുരയിടം) വച്ചാണ് കൺവൻഷൻ നടത്തിയത്. കേരളത്തിൽ ആദ്യമായി പെന്തെക്കോസ്തിന്റെ പ്രസംഗം മുഴങ്ങിയത് ബർഗ്ഗ് സായിപ്പിന്റേതാണ്. (ഇന്ത്യയിൽ 1905 ൽ പൂനയിലെ പണ്ഠിത രമാഭായി എന്ന മാന്യവനിത നടത്തി വന്ന മുക്തി മിഷനിൽ പരിശുദ്ധാത്മാവിന്റെ പ്രകടമായ അനുഭവം ഉണ്ടായി എങ്കിലും അതൊരു ഉപദേശമായോ പ്രസ്ഥാനമായോ മുക്തി മിഷന് പുറത്തെത്തിയിരുന്നില്ല). ബർഗ്ഗിന്റെ നവീന ഉപദേശത്തിൽ ഇവിടെയുള്ള ചിലർ വിയോജിപ്പ് പ്രകടിപ്പിച്ചെങ്കിലും നല്ലൊരു സമൂഹം ഇതിനെ അനുകൂലിച്ചു. കേരളത്തിൽ പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ ആദ്യ പ്രചരണയോഗങ്ങളായിരുന്നു തൃക്കണ്ണമംഗലും തുവയൂരും നടന്നത്. പ്രസിദ്ധമായ തുവയൂർ ഉണർവിന് പങ്കാളിയായ പാസ്റ്റർ പി.കെ.വർഗ്ഗീസിന്റെ ആത്മകഥയായ ഏകനായി.... കാൽനടയായി എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നു...

1912 ൽ അമേരിക്കയിൽ ലോസാഞ്ചൽസിൽ നടന്ന ഒന്നാമത് അഖില ലോക പെന്തെക്കോസ്ത് കോൺഫ്രൻസിൽ പങ്കെടുക്കാൻ ജോർജ്ജ് ഇ. ബർഗ്ഗ് കടന്ന് പോയി. അവിടെ വച്ച് ബർഗ്ഗിൽ നിന്ന് കേട്ട ഇന്ത്യയിലെ മിഷണറി റിപ്പോർട്ടിൽ ആകൃഷ്ടനായ റോബർട്ട് എഫ് കുക്ക് (കുക്ക് സായ്പ്) ബർഗ്ഗിനെ പരിചയപ്പെടുകയും കേരളത്തിലേക്ക് വരുവാൻ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. തതനന്തരം 1913 ഒക്ടോബറിൽ ജോർജ്ജ് ബർഗ്ഗിനോടൊപ്പം കുക്കും കുടുംബവും ഇന്ത്യയിൽ ബാംഗ്ലൂരിൽ എത്തിച്ചേർന്നു. ആ വർഷം ഡിസംബറിൽ തന്നെ അവർ ബ്രദർ. കമ്മിൻസിനും ഒപ്പം ട്രെയിൻ മാർഗ്ഗം തിരുനെൽവേലിയിൽ എത്തി. ചില നാളുകൾക്ക് ശേഷം കൊട്ടാരക്കര വഴി ഇവർ തുവയൂരേയ്ക്ക് പോയി. അവിടെ നടത്തിയ ആദ്യയോഗങ്ങളിൽ തന്നെ അനേകർ അനുതപിച്ച് സ്നാനമേറ്റതായി തുവയൂർ ഉണർവ്വ് പ്രതിപാദിക്കുന്ന ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുവയൂരിൽ നിന്ന് 1913 ൽ തന്നെ ഇവർ ബാംഗ്ലൂരിലേക്ക് മടങ്ങിപ്പോയി.

1914ന്റെ ആരംഭത്തിന്റെ പാസ്റ്റർ കുക്കും കമ്മിൻസും കൂടെ വീണ്ടും കൊട്ടാരക്കരയിലെത്തി. മുൻപ് ജോർജ്ജ് ബർഗ്ഗിന്റെ സഹയാത്രയിൽ കമ്മിൻസ് പരിചയപ്പെട്ട രക്ഷാസൈന്യസഭാ പ്രവർത്തകന്റെ കൂടെ താമസിച്ചു. അടുത്ത ദിവസം തുവയൂരിലേക്ക് പോയി നാലു ദിവസത്തെ യോഗം നടത്തി അനേകർ രക്ഷാനിർണ്ണയവും പരിശുദ്ധാത്മ ശക്തിയും പ്രാപിച്ചു സ്നാനമേറ്റു. 63 പേരെ സ്നാനപ്പെടുത്തി. ഇതായിരുന്നു പാസ്റ്റർ കുക്കിന്റെ തിരുവിതാംകൂറിലെ ആദ്യത്തെ ശുശ്രൂഷ.



കുക്ക് സായ്പ് അനേകരെ സ്നാനപ്പെടുത്തിയ തൃക്കണ്ണമംഗലിലുള്ള ആയലൂർ തോട്

1914 ന്റെ മദ്ധ്യത്തോടെ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധകാലത്ത് ജോർജ്ജ് ബർഗ്ഗ് ഒരു ജർമ്മൻ വംശജൻ ആയതുകൊണ്ട് ഇന്ത്യൻ ഭരണകൂടം അദ്ദേഹത്തെ അറസ്റ്റുചെയ്ത് തന്റെ വാസസ്ഥാനമായ അമേരിക്കയിലെ ഷിക്കാഗോയിലേക്ക് അയച്ചു. പിന്നെ ബർഗ്ഗ് മടങ്ങി വന്നില്ല. അദ്ദേഹം അവിടെവച്ച് കുറെകാലത്തിനു ശേഷം കർത്താവിൽ നിദ്രപ്രാപിച്ചു. യുദ്ധത്തോടുള്ള ബന്ധത്തിൽ സുരക്ഷിതത്വത്തിനായി ബ്രിട്ടീഷ് ഇന്ത്യയുടെ അന്നത്തെ സൈനിക ആസ്ഥാനമായ ബാംഗ്ലൂരിലേയ്ക്ക് മടങ്ങിപ്പോയ കുക്കും സഹപ്രവർത്തകനും 1917 ൽ വീണ്ടും കേരളത്തിൽ മടങ്ങിയെത്തി. ഈ കാലഘട്ടത്തിൽ തൃക്കണ്ണമംഗലിൽ വേരൂന്നിയിരുന്ന ത്രിയേകത്വനിഷേധികളെ (റസ്സലിസ്സം) ഖണ്ഡിച്ചുള്ള പ്രസംഗങ്ങൾ നടത്താൻ വേർപാടു സഭയുടെ ക്ഷണം അനുസരിച്ച് സൈമൺസാർ അവർകളും പാർട്ടിയും സന്ദർശനം നടത്തിയപ്പോൾ (ഉണ്ണൂണ്ണിസാറും അവരോടുകൂടെ 1093 വൃശ്ചികം അവസാന ആഴ്ചയിൽ (1917 ഡിസംബർ രണ്ടാം ആഴ്ച) ഉണ്ടായിരുന്നു. കല്ലൂർ വീട്ടുകാർ അയച്ച വില്ലുവണ്ടിയിലായിരുന്നു യാത്ര ചെയ്തത്. യോഗങ്ങൾ നടത്തിയതായും കല്ലൂർ ചാക്കോച്ചന്റെ വസതിയിൽ താമസിച്ചതായും കെ.ഇ.ഏബ്രഹാമിന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ബാംഗ്ലൂർ കേന്ദ്രമാക്കികൊണ്ട് തന്നെ കുക്ക് സായിപ്പ് തന്റെ പ്രവർത്തനം തമിഴ്നാട്ടിലും, തിരുവിതാംകൂറിലും വ്യാപിപിച്ചു. കേരളത്തിൽ പല സ്ഥലങ്ങളിലും സഭാ കൂടിവരവുകൾ ആരംഭിച്ചു. 1917 ൽ അടൂരിലും, 1918 ൽ ചാലിയക്കരയിലും, വിളക്കുടിയിലും, 1921 ൽ പുനലൂരിലും സഭാസ്ഥാപനം നടത്തിയതിന്റെ ഫലമായി വലിയൊരു കൂട്ടം തന്നെ രക്ഷിക്കപ്പെട്ടും സ്നാനപ്പെട്ടും മുന്നോട്ട് വന്നു. പുനലൂരിലും പരിസരപ്രദേശങ്ങളിലും എസ്റ്റേറ്റ് തൊഴിലാളികളുടെ ഇടയിൽ ആയിരുന്നു പ്രവർത്തനം നടത്തിയിരുന്നത്. ചാലിയക്കര, അമ്പനാട്, എസ്റ്റേറ്റ് മാനേജർമാരായ ഇംഗ്ലീഷ്കാർ ഈ കാലഘട്ടത്തിൽ കുക്കു സായിപ്പുമായി പരിചയപ്പെടുവാൻ ഇടയായി. സുവിശേഷവേല മദ്ധ്യകേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി താമസിക്കുവാൻ ഒരു ഭവനം അന്വേഷിക്കുകയായിരുന്നു കുക്ക് സായിപ്പ്.



കുക്ക് സായ്പിന്റെ കൈയൊപ്പോടുകൂടിയ മലങ്കര ദൈവസഭയുടെ വിവാഹ രജിസ്ടർ

ഈ സമയം തന്നെ അമ്പനാട് എസ്റ്റേറ്റിലെ മാനേജരുമായി പരിചയത്തിലായ തൃക്കണ്ണമംഗൽ സ്വദേശി വടക്കടത്തുവീട്ടിൽ ഗീവർഗ്ഗീസ് കോശി, കുക്ക് സായിപ്പിന് താമസിക്കാനായി തന്റെ വീട് നല്കാം എന്ന് അറിയിച്ചു. അങ്ങനെ സ്ഥിരതാമസത്തിനായി 1921 ൽ തൃക്കണ്ണമംഗൽ വില്ലാകോണത്തു ബംഗ്ലാവിൽ കുക്ക് സായ്പ് എത്തിച്ചേർന്നു. തുടർന്നുള്ള ദിവസങ്ങളിൽ പ്രസ്തുത സ്ഥലത്തു തന്നെ ഒരു പന്തൽ മുളയും, ഓലയും ഉപയോഗിച്ചു നിർമ്മിച്ചു. മലങ്കര പൂർണ്ണ സുവിശേഷ സഭ എന്ന പേരിൽ അതിൽ ആരാധന തുടങ്ങി. ഇതാണ് തൃക്കണ്ണമംഗലിലെ ആദ്യത്തെ പെന്തെക്കോസ്തു സഭാകൂടിവരവ്....! തുടർന്നുള്ള നാളുകളിൽ പരിസരപ്രദേശത്തു നിന്നും അനേകംപേർ മാനസാന്തരപ്പെട്ടു സഭയോടു ചേർന്നു. ഈ കൂട്ടത്തിൽ കൊല്ലപ്പണിക്കാരൻ ഒരു ഹിന്ദു യുവാവ് സ്നാനപ്പെട്ടതായും അദ്ദേഹത്തിന് പൗലോസ് എന്ന് മിഷനറിമാർ പേര് നല്കിയതായും പറയപ്പെടുന്നു. തൃക്കണ്ണമംഗൽ കേന്ദ്രമാക്കി മറ്റുസ്ഥലങ്ങളിലേക്കും വേല വ്യാപിപ്പിച്ചു. ബ്രദറൺ സഭാംഗങ്ങളായിരുന്ന കല്ലൂർ ചാക്കോച്ചനും, മൂത്തമകൻ തോമസ്സും ടൈഫോയിഡ് രോഗത്താൽ കിടക്കയിൽ വളരെ കഷ്ടം അനുഭവിക്കുന്ന സാഹചര്യത്തിൽ പാസ്റ്റർ കുക്ക് അവരുടെ ഭവനത്തിൽ പോയി പ്രാർത്ഥിച്ചു അവർക്ക് രോഗസൗഖ്യമുണ്ടായി. തന്മൂലം അവർ പെന്തക്കോസ്തു വിശ്വാസം സ്വീകരിച്ചു. ഇത് നിലവിലുള്ള സഭയ്ക്ക് ഏറെ പ്രോത്സാഹനമായി. തുടർന്ന് 27/09/1928 ൽ(13.2.1104) ദൈവസഭ വകയ്ക്കായി ടി സഭാംഗങ്ങളായ കല്ലൂർ തോമസ്, മുളവനകിഴക്കേതിൽ മത്തായി മകൻ കിരിയാൻ, കല്ലൂർ തെക്കേതിൽ പോത്ത മകൻ തരിയൻ, ചരുവിള പുരയിടത്തിൽ (പ്രാവൂർ) മാത്തുണ്ണിമകൻ മത്തായി, കുറ്റിവിള പുരയിടത്തിൽ പോത്തമകൻ മത്തായി, ചരുവിള പുരയിടത്തിൽ കുരുവിള മകൻ ഗീവറീത്, ചരുവിള പുരയിടത്തിൽ മാത്തുണ്ണി മകൻ ഗീവറീത് എന്നിവരുടെ പേരിൽ കല്ലൂർ വീട്ടിൽ യോഹന്നാൻ മകൻ മത്തായിയുടെ വക 4 സെന്റ് പുരയിടം വാങ്ങി ഹാൾ പണിതു. തുടർന്ന് വില്ലാകോണത്തെ നിന്നും കുക്ക് സായിപ്പിന്റെ ആരാധന അതിലേക്ക് മാറ്റുവാൻ ഇടയായി. ആദ്യകാല പാസ്റ്റേഴ്സ് ആർ.എഫ്.കുക്ക്, ചാറൽസ് കമ്മിൻസ്, കെ.സി.ചാണ്ടി, എ.ആർ.റ്റി, അതിശയം, എം.കെ.വർഗ്ഗീസ് എന്നിവരായിരുന്നു. ഉണ്ണൂണ്ണിസാർ നേതൃത്വം നൽകിയിരുന്ന തെന്നിന്ത്യാ പെന്തെക്കോസ്തു സഭയും മലങ്കര പൂർണ്ണസഭയും തമ്മിൽ ഇടക്കാലത്ത് യോജിച്ചുയെങ്കിലും 1930 ൽ വേർപിരിയുകയും, 1936 ൽ കുക്ക് സായിപ്പ് അമേരിക്കയിലുള്ള ദൈവസഭയുമായി ലയിക്കുവാനിടയായി. തൃക്കണ്ണമംഗലിൽ കുക്ക് സായിപ്പ് താമസിക്കുമ്പോൾ പ്രഥമ പെന്തെക്കോസ്തു വേദപഠനക്ലാസ്സ് ആരംഭിക്കുകയും ഈ പ്രധാനകേന്ദ്രം പിന്നീട് കല്ലുശ്ശേരിയിലേക്കും മുളക്കുഴയ്ക്കും 1926 ൽ മാറ്റി സ്ഥാപിച്ചു. അതാണ് മുളക്കുഴയിലുള്ള ഇന്നത്തെ മൗണ്ട് സിയോൻ ബൈബിൾ സെമിനാരി. 1943 ൽ നിലവിലുള്ള സഭയിൽ നിന്ന് ഒരു വിഭാഗം, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ എന്ന പ്രസ്ഥാനത്തോട് ചേർന്ന് ഇന്ന് കാണുന്ന സ്ഥലത്തേക്കു മാറി ആരാധന ആരംഭിച്ചു.

1924 ൽ സിലോണിൽ സ്ഥാപിതമായ സിലോൺ പെന്തെക്കോസ്തു മിഷന്റെ പ്രവർത്തനം 1928 മുതൽ കേരളത്തിലും ഇന്ത്യയിൽ പല സ്ഥലങ്ങളിലും വ്യാപിച്ചു. കൊട്ടാരക്കരയിൽ പുലമണിൽ ഫിലിപ്പ് വക്കീലിന്റെ വാടകകെട്ടിടത്തിൽ 1935 ൽ ആരംഭിച്ച ആരാധന 1943 മുതൽ 1946 വരെ തൃക്കണ്ണമംഗലിൽ മലങ്കര ദൈവസഭാഹാളിൽ പോളിന്റെയും, ആൽവിന്റെയും നേതൃത്വത്തിൽ നടന്നു. ആദ്യത്തെ പാസ്റ്റർ. സി.കൊച്ചുകുഞ്ഞ് ആയിരുന്നു. എന്നാൽ സ്ഥലപരിമിതി മൂലം പുലമണിലേക്ക് മാറ്റുവാൻ ഇടയായി.



കല്ലൂർ ചാക്കോച്ചൻ (1870–1955)

1946 ഡിസംബർ മുതൽ ഏ.ആർ.റ്റി, അതിശയം, അഷ്ടമുടി ഉമ്മച്ചൻ, കലയപുരം മത്തായിച്ചൻ, കുറിയന്നൂർ തോമാച്ചൻ, മേപ്രാൽ ഹാനോക്ക് സാർ എന്നിവരുടെ നേതൃത്വത്തിലുള്ള ദൈവസഭയുമായി യോജിക്കുകയും മലങ്കര ദൈവസഭയായി തുടരുകയും ഈ ദേശത്തെ ഈ പ്രഥമ സഭ, 1984 ൽ മലങ്കര ദൈവസഭ എന്ന പേരിൽ രജിസ്റ്റർ ചെയ്തു സ്വതന്ത്രമായി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

തൃക്കണ്ണമംഗലിൽ വിദേശ മിഷണറിമാരാൽ ആരംഭിച്ച പെന്തെക്കോസ്തു പ്രവർത്തനം സജീവമാകവെ അവരുടെ അനുഗാമികളായി പ്രവർത്തിച്ച് വന്ന അഷ്ടമുടി ഉമ്മച്ചൻ, കുറിയന്നൂർ തോമാച്ചൻ തുടങ്ങിയവർ മിഷണറിമാരിൽ നിന്ന് വേറിട്ട് സ്വദേശീയ കൂട്ടായ്മ എന്ന ലക്ഷ്യത്തോടെ 1936 ൽ ഒരു സ്വതന്ത്രകൂട്ടായ്മയ്ക്ക് രൂപം കൊടുത്തു. പെന്തെക്കോസ്തു സത്യങ്ങളിൽ ആകൃഷ്ടരായി കുക്ക് സായ്പ്പിന്റെ സഭാകൂടിവരവുകളിലും മറ്റ് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്ത് വന്ന ആനയഴികത്ത് മത്തായിച്ചൻ, കൊച്ചുകിഴക്കേതിൽ കുട്ടിയച്ചൻ, അമ്മണംകോട്ട് ചാക്കോ

ശേഷം പേജ് 10 ൽ



ജോർജ് ഇ.ബർഗ്ഗ് വിശ്രമിച്ചിരുന്ന കല്ലൂർ ചാക്കോച്ചന്റെ 104 വർഷം പഴക്കമുള്ള വീട്

# അനശ്വരഗാനങ്ങൾ....

മരുപ്പച്ച വിഷന്റെ വി.സി.ഡികൾ



കെ.വി. സൈമൺ · സാധു കൊച്ചുകുഞ്ഞ് · മോശെ വത്സലം · വി. നാഗൽ · സി. എസ്. മാത്യു · റ്റി. കെ. സാമുവേൽ · എം. ഇ. ചെറിയാൻ · അന്നമ്മ മാമ്മൻ




എന്തതിശയമേ ദൈവത്തിൻ സ്നേഹം




ലോകമാം ഗംഭീര വാരിധിയിൽ




സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനേ

ഇൻഡ്യയിൽ എവിടെയും തപാൽ ചാർജ് സൗജന്യം. വിദേശത്തേക്ക് 100 രൂപ അധികം അയയ്ക്കുക.

## MARUPPACHA

Planthottam Complex
Thiruvalla-1 Kerala.
Phone: 0469- 2634321
E-mail: maruppacha@yahoo.com

**100 രൂപ ലാഭിക്കുക**
**MP3 സൗജന്യം**

മൂന്ന് VCD ഒരുമിച്ച് ഓർഡർ ചെയ്യുമ്പോൾ മരുപ്പച്ച വിഷന്റെ 100 രൂപ വിലയുള്ള MP3 സൗജന്യമായി ലഭിക്കുന്നു.




# മരുപ്പച്ച വിഷന്റെ ഏറ്റവും പുതിയ എം.പി.ത്രി. ഗാനങ്ങൾ













**100 രൂപ ലാഭിക്കുക**
**DVD സൗജന്യം**




നാല് MP3 ഒരുമിച്ച് ഓർഡർ ചെയ്യുമ്പോൾ മരുപ്പച്ച വിഷന്റെ 100 രൂപ വിലയുള്ള രക്ഷകന്റെ നാട്ടിൽ എന്ന DVD സൗജന്യമായി ലഭിക്കുന്നു.

ഇൻഡ്യയിൽ എവിടെയും തപാൽ ചാർജ് സൗജന്യം. വിദേശത്തേക്ക് 100 രൂപ അധികം അയയ്ക്കുക.

## MARUPPACHA

Planthottam Complex, Thiruvalla-1 Kerala.
Phone: 0469- 2634321
E-mail: maruppacha@yahoo.com

മരുപ്പച്ച
വാർത്തകൾ

## വൈ.പി.ഇ സൂപ്പർ ബൈബിൾ ക്വിസ്

**മുളക്കുഴ:** കേരളാ സ്റ്റേറ്റ് വൈ.പി.ഇ യുടെ ആഭിമുഖ്യത്തിൽ സൂപ്പർ ബൈബിൾ ക്വിസ് പുസ്തകം പ്രസിദ്ധീകരിക്കുന്നു. വൈ.പി.ഇ നിർദ്ദേശിക്കുന്ന വേദ ഭാഗത്ത് നിന്നും അമ്പതിൽ കുറയാത്ത ചോദ്യങ്ങൾ എഴുതി തയ്യാറാക്കി തരുന്നവർക്ക് ഈ സംരംഭത്തിൽ പങ്കാളികളാകാം. ആയിരം രൂപയുടെ സമ്മാനമാണ് പങ്കാളികൾക്ക് ലഭിക്കുന്നത്.

ക്രൈസ്തവ സഭകളിൽ ഒരു യുവജനപ്രസ്ഥാനം മുൻകൈ എടുത്ത് ഇത്തരത്തിൽ ഒരു സംരംഭത്തിന് തുടക്കമിടുന്നത് ഇതാദ്യമായാണ്. അതു കൊണ്ടു തന്നെ സൂപ്പർ ബൈബിൾ ക്വിസ് പുസ്തകത്തിന് മലയാളക്കരയിലാകമാനം ഒരു ചലനം സൃഷ്ടിക്കാനാകുമെന്നതിന് സംശയമില്ല. കേരളാസ്റ്റേറ്റ് വൈ.പി.ഇ സ്റ്റേറ്റ്സ് അംഗങ്ങളായ ബൈബിൾ ക്വിസ് പുസ്തകത്തിന്റെ ജനറൽ ചീഫ് എഡിറ്റേഴ്സായി പ്രവർത്തിക്കുന്നത്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: 9497203274, 9947190222

## ബൈബിൾ പ്രവചന പ്രഭാഷണങ്ങൾ

**ഓതറ:** ആൽത്തറ ജംഗ്ഷനു സമീപം ഓതറ ചർച്ച് ഓഫ് ഗോഡിൽ ഏപ്രിൽ 9-11 തീയതികളിൽ ബൈബിൾ പ്രവചന പ്രഭാഷണങ്ങൾ നടക്കും. ബ്രദർ ജോൺ പി. തോമസ് പ്രഭാഷണം നടത്തും. പാസ്റ്റർ വിനോദ് ജേക്കബ് കൺവീനറായുള്ള കമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9747656146



ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രയർ & റിവൈവൽ ബോർഡിന്റെ ഉദ്ഘാടന സമ്മേളനത്തിൽ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പ്രസംഗിക്കുന്നു.

# ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ പ്രവർത്തനോദ്ഘാടനം മാർച്ച് 19-ന് ഫ്ളോറിഡായിൽ

**ബാബു കൊടുന്തറ,**
**പബ്ലിസിറ്റി കോർഡിനേറ്റർ**

**ഫ്ളോറിഡ:** നോർത്തമേരിക്കൻ ഐ.പി.സി സൗത്ത് റീജിയന്റെ പ്രവർത്തനോദ്ഘാടന കൺവെൻഷൻ മാർച്ച് 19 മുതൽ 20 വരെ ഐ.പി.സി ഒർലാന്റോ (11551 State Road 535, Orlando, FL 32836) ചർച്ചിൽ വെച്ച് നടക്കും. വെള്ളിയാഴ്ച വൈകിട്ട് 6.30 ന് ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ വത്സൻ ഏബ്രഹാം ഉദ്ഘാടനം പ്രസംഗം നടത്തും. ശനിയാഴ്ച രാവിലെ 10 മണിക്ക് സഹോദരി സമ്മേളനം, ഉച്ചയ്ക്ക് 2 മണിക്ക് പി.വൈ.പി.എ സമ്മേളനം, വൈകിട്ട് 6.30 - ന് പൊതുമീറ്റിംഗും നടക്കുന്നതാണെന്ന് സെക്രട്ടറി പാസ്റ്റർ ജോൺ ശാമുവേൽ അറിയിച്ചു.

"ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും" നെഹെമ്യാവ് 2:20 ആണ്. കൺവൻഷന്റെ പ്രബന്ധവിഷയം, റീജിയന്റെ വിവിധ സഭകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

നോർത്ത് അമേരിക്കൻ ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയന്റെ പ്രസിഡന്റായി പാസ്റ്റർ കെ.സി ജോൺ,പാസ്റ്റർ ജയിംസ് പൊന്നോലിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോൺ ശാമുവേൽ (സെക്രട്ടറി), പാസ്റ്റർ ദാനിയേൽ തോമസ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോ.സെക്രട്ടറിമാർ) ബ്രദർ സ്റ്റീഫൻ ചാക്കോ (ട്രഷറാർ) ബ്രദർ സജി കുരിയൻ (പി.വൈ.പി.എ), ബ്രദർ സ്റ്റാൻലി ജോസഫ് (സണ്ടേസ്ക്കൂൾ), കൊച്ചുമോൾ ജയിംസ് (സഹോദരി സമാജം) എന്നിവർ ഭാരവാഹികളായി പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കെ.സി ജോൺ (9545995472), പാസ്റ്റർ ജോൺ ശാമുവേൽ (86383 83802, പാസ്റ്റർ ജേക്കബ് മാത്യു (407560029) ആയോ ബന്ധപ്പെടുക.

# സുവിശേഷം പങ്കുവെയ്ക്കുന്നതാണ് സഭയുടെ പ്രധാന ദൗത്യം: ഡോ. സഖറിയാസ് മാർ തെയോഫിലോസ്

**മാരാമൺ:** തിരുവവതാരത്തിലും ക്രൂശുമരണത്തിലും വെളിപ്പെട്ട വെറുമയാക്കലിന്റെയും പൊറുക്കലിന്റെയും ദൗത്യവാഹകനായ ക്രിസ്തുവിന്റെ അനുകാരികൾക്കേ ക്രിസ്ത്യനികൾ എന്നു ആവകാശപ്പെടുവാൻ കഴിയുകയുള്ളൂ എന്ന് ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ പ്രസ്താവിച്ചു. സുവിശേഷ ദൂതനിലെ ജനുവരി മാസത്തിലെ സന്ദേശത്തിലാണ് ഇത് അദ്ദേഹം കൂട്ടിച്ചേർത്തത്.

ക്രൈസ്തവ സഭ പുതുപ്പിറവി ആരംഭിക്കുന്നത് പ്രാർത്ഥനാവാരത്തോടെയാണ്. പ്രാർത്ഥനയുടെ ഊന്നൽ ഐക്യമെന്നുള്ളതാണ്. ജനുവരി മാസത്തിലെ മൂന്നാം വാരം ക്രൈസ്തവ സഭ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനാ വാരമായി വേർതിരിച്ചിരിക്കുന്നു. ഈ പ്രാവശ്യത്തെ ചിന്താവിഷയം ലൂക്കോസ് 24:48 "ഇതിന് നിങ്ങൾ സാക്ഷികളാകുന്നു" എന്നുള്ളതാണ്. പ്രാർത്ഥന ശക്തിയേറിയ ഒരു മാദ്ധ്യമമാണ്. വിശ്വാസികൾ ഒരേ ഉദ്ദേശ്യ ലക്ഷ്യത്തോടെ ഒന്നുചേർന്നു പ്രാർത്ഥിക്കുമ്പോൾ അനേക കമ്പുകൾ ഒന്നിച്ച് കെട്ടിവെച്ച ഒരു കെട്ടിന്റെ ബലവും ശക്തിയും ഉണ്ടാകും. ലോകമെമ്പാടുമുള്ള ക്രൈസ്തവ സഭ ഒത്തുചേർന്ന് ഓരോ ആവശ്യമുന്നയിച്ച് ദൈവസന്നിധിയിൽ അഭയയാചന കഴിക്കുമ്പോൾ ദൈവം ശ്രവിക്കുകയും പ്രതികരിക്കുകയും ചെയ്യും. വ്യക്തിപരമായ ആവശ്യങ്ങൾക്ക് വ്യത്യസ്തമായി, അവരവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ദൈവസന്നിധിയിൽ ഉയർത്തുമ്പോൾ ദൈവം സന്തോഷത്തോടെ അവയെ കൈക്കൊണ്ട് അനുഗ്രഹവർഷം ചൊരിയും എന്നതിന് സംശയമില്ല. സഭകൾ പ്രാർത്ഥിക്കുന്നത് തമ്മിൽ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുന്നതിനും ഇതരരുമായും ദൈവിക താല്പര്യങ്ങളുമായുള്ള ഐക്യതയിൽ ബലപ്പെ



ടുന്നതിനും വേണ്ടിയാണ്. 'Prayer is for Unity, Unity is for Mission'. സഭകൾ ഒത്തുചേർന്ന് പ്രാർത്ഥിക്കുന്നത് കൂട്ടായ ദൗത്യം കണ്ടെത്തുന്നതിനും ശക്തമായി അതിൽ ഏർപ്പെടുന്നതിനും വേണ്ടിയാണ്.

എന്താണ് സഭയുടെ ദൗത്യം? വീണ്ടും തിരുവവതാരത്തിൽ ദൈവത്തിന്റെ ദൗത്യം നാം കണ്ടെത്തുന്നു. ദൈവം ലോകത്തെ സ്നേഹിക്കുന്നു. പാപത്തിന് വിധേയപ്പെട്ട മനുഷ്യനെ വിമോചിപ്പിക്കുന്നു. പുതുജീവനും നിത്യജീവനും പ്രദാനം ചെയ്യുന്നു എന്നതാണ് മുഖ്യദൗത്യം. ഈ ദൗത്യത്തിന്റെ പ്രഘോഷണമാണ് സഭകളെ ഭരമേൽപ്പിച്ചിരിക്കുന്നത്. കാൽവരി കുരിശിൽ പൈശാചിക ശക്തികളെയും ദോഷൈക ശക്തികളെയും കീഴ്പ്പെടുത്തുകയും പരാജയപ്പെടുത്തുകയും ചെയ്ത ദൈവം പരിശുദ്ധാത്മ ശക്തിയിലൂടെ വീണ്ടെടുക്കപ്പെട്ട മനുഷ്യന് ജയജീവിതത്തിന്റെ കരുത്ത് കൈമാറിയിരിക്കുന്നു എന്നതാണ് സുവിശേഷവും സാക്ഷ്യവും. എമ്മോവൂസിലേക്ക് പോയ ശിഷ്യന്മാരോട് 'നിങ്ങൾ ഇതിന് സാക്ഷികളാകുന്നു" എന്ന് കർത്താവ് പറയുമ്പോൾ ഉയിർപ്പിന്റെ സാക്ഷികളാകുവാനാണ് അവരോട് ആവശ്യപ്പെടുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് മറിയയ്ക്ക്, തോമസിന്, പത്രോസിന്, ക്ലേയോപ്പാവിന് എല്ലാം പ്രത്യക്ഷനാകുന്നു. പല സ്ഥലങ്ങളിൽ പല പശ്ചാത്തലങ്ങളിൽ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്നെത്തന്നെ വെളിപ്പെടുത്തുന്നുവെങ്കിലും അവർക്കെല്ലാം പറയാനുള്ളത് ഒന്നേയുള്ളൂ "ഞങ്ങൾ കർത്താവിനെ കണ്ടിരിക്കുന്നു" മറിയയുടെ ഒറ്റയ്ക്കുള്ള സാക്ഷ്യം വിശ്വസിക്കപ്പെടുകയോ സ്വീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ കൂട്ടായ സാക്ഷ്യത്തിന് പ്രാധാന്യം ലഭിക്കുന്നു. വിശ്വാസ സമൂഹത്തിന്റെ, സഭയുടെ കൂട്ടായ സാക്ഷ്യത്തിന് ഇന്നു വലിയ സ്വാധീനവും പ്രാധാന്യവുമാണുള്ളത്. സഭകളുടെ കൂട്ടായ സാക്ഷ്യം ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നതാണോ? സഭയിൽ തമ്മിൽ ഭിന്നതയിലും കിടമത്സരത്തിലും പകപോക്കലിലും മുഴുകുമ്പോൾ സഭയിൽ നിന്നും ക്രിസ്തു അപ്രത്യക്ഷനാകുന്നു. ഞങ്ങൾ അവനെ കണ്ടു എന്ന സാക്ഷ്യം സമൂഹം ഉൾക്കൊള്ളുന്നുണ്ടോ? സ്വന്തം ചെകിട്ടത്തടിച്ചവരോട് പിതാവേ ഇവർ ചെയ്യുന്നത് ഇവർ അറിയായ്കയാൽ ഇവരോട് പൊറുക്കണമേ എന്നു പ്രാർത്ഥിച്ച ആ കർത്താവിനെ സഭയിൽ ഇന്ന് കാണപ്പെടുന്നുണ്ടോ? ക്രൈസ്തവ സഭയിൽ ക്രിസ്ത്യാനികൾ ഉണ്ടോ? ചിന്തിക്കേണ്ട ഒരു വിഷയമായി മാറിയിട്ടില്ലേ? തിരുവവതാരത്തിലും ക്രൂശീകരണത്തിലും വെളിവാക്കപ്പെട്ട വെറുമയാക്കലിന്റെയും പൊറുക്കലിന്റെയും ദൗത്യവാഹകനായ ക്രിസ്തുവിന്റെ അനുകാരികൾക്കേ ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുവാൻ കഴിയുകയുള്ളൂ. അത്തരക്കാരായി ദൗത്യം നിറവേറ്റാൻ നാമെല്ലാം ബഹുദൂരം സഞ്ചരിക്കേണ്ടതായിട്ടില്ലേ? ഒരു തിരിഞ്ഞുനോട്ടത്തിനും ഒരു ഉൾപരിശോധനയ്ക്കും എത്തിനോട്ടത്തിനും അവസരം വേണ്ടതല്ലേ? നമുക്കെല്ലാം ഒത്തുചേർന്ന് മാനവജാതിയുടെ അഭ്യുന്നതിയ്ക്കും ഒത്തൊരുമയ്ക്കും വേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ ഒരുമ ക്രിസ്തുവിൽ വെളിപ്പെട്ട പുതുമനുഷ്യനെ വെളിപ്പെടുത്തുന്നതിന് ഉപകരിക്കുന്ന സാക്ഷ്യമാകണം. യഥാർത്ഥ സാക്ഷി പരിപൂർണ സത്യം പറയുന്നവനാണ്. അത്തരം സാക്ഷികളുടെ ദൗത്യത്തിനേ പ്രാബല്യമുള്ളൂ. യഥാർത്ഥസാക്ഷിയുടെ സമൂഹമായി മുന്നേറുവാൻ നമ്മെത്തന്നെ സമർപ്പിക്കാം. ദൈവം അതിനു നമുക്കെല്ലാം കൃപ നൽകുന്നതിനായി പ്രാർത്ഥിക്കാം.

www.marupacha.com
മരുപ്പച്ച
വെബ്സൈറ്റിൽ
മരുപ്പച്ച അതേ രൂപത്തിൽ
**സൗജന്യമായി**
വെബ്സൈറ്റിൽ നിന്നും
ഡൗൺലോഡ് ചെയ്യാം.
നിങ്ങൾ ലോകത്തിന്റെ
എവിടെയാണെങ്കിലും
എല്ലാ മാസവും 07, 22
തീയതികളിൽ
മരുപ്പച്ച വായിക്കാം.
സന്ദർശിക്കുക:
www.marupacha.com



Statement about ownership and other particulars about 'MARUPPACHA SAMAKALIKA PATHRIKA' as referred to be published about under rule of Registration of News Paper (Central) Rules, 1956

**FROM IV**

1.Place of Publication : Thiruvalla. 2. Periodicity of Publication : Fortnightly. 3. Printer's Name : Achenkunju Elanthoor, Nationality : Indian, Address : Planthottam Complex, Thiruvalla-1. 4. Editor's Name : Achenkunju Elanthoor, Nationality : Indian, Address : Planthottam Complex, Thiruvalla-1. 5. Name and address of individuals who won the News Paper and partners or Shareholders holding more than one percent of the capital : Achenkunju Elanthoor.

I, Achenkunju Elanthoor hereby declare that the particulars give above are true to the best of my knowledge and belief.

(Sd/-) Achenkunju Elanthoor

05.03.2010 (Signature of Publisher)

# കേരള പെന്തക്കോസ്തൽ റൈറ്റേയ്സ് ഫോറം അവാർഡ്ദാനം

**ന്യൂയോർക്ക്:** കേരള പെന്തക്കോസ്തൽ റൈറ്റേയ്സ് ഫോറം മികച്ച എഴുത്തുകാരെ കണ്ടെത്തി അവാർഡുകൾ കൊടുക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കേരള പെന്തക്കോസ്തൽ റൈറ്റേയ്സ് ഫോറം ചെയ്ത് വന്നത് പോലെ തിരഞ്ഞെടുത്ത കൃതികൾ ഈ വർഷം ജൂലൈ ഒന്ന് മുതൽ നാല് വരെ ഹൂസ്റ്റണിൽ വെച്ച് നടത്തുന്ന നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ കോൺഫ്രൻസിൽ വെച്ച് അവാർഡുകൾ നൽകപ്പെടും. രണ്ടായിരത്തി ഒൻമ്പതിൽ എഴുതി ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ലേഖനങ്ങൾ, കവിതകൾ, കഥകൾ, എന്നിവയാണ് അവാർഡിനായി ക്ഷണിക്കുന്നത്. എല്ലാ രചനകളുടേയും നാല് കോപ്പികൾ വീതം അയക്കുന്നവരുടെ പൂർണ്ണവിവരങ്ങളോടുകൂടി മാർച്ച് ഇരുപതിനകം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയച്ച് കൊടുക്കേണ്ടതാണ്. കൈസ്തവ എഴുത്തുകാരെ പ്രോൽസാഹിപ്പിക്കുക, അവരെ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഈ അവാർഡ് പ്രോഗ്രാമിലേക്ക് എല്ലാ എഴുത്തുകാരെയും സ്വാഗതം ചെയ്യുന്നു.

നോർത്ത് അമേരിക്കയിലെ മികച്ച പത്രപ്രവർത്തകരെയും പ്രസ്തുത യോഗത്തിൽ ആദരിക്കും.

## 9–ാമത് സംസ്ഥാന വനിതാക്യാമ്പ് ചരൽക്കുന്നിൽ

**തിരുവല്ല:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 9–ാമത് സംസ്ഥാന വനിതാക്യാമ്പ് ഏപ്രിൽ 12–14 വരെ ചരൽക്കുന്ന് ക്രിസ്ത്യൻ എഡ്യൂക്കേഷൻ ക്യാമ്പ്സെന്ററിൽ നടക്കും,.

"നിന്റെ ദൈവത്തെ എതിരേല്പ്പാൻ ഒരുങ്ങിക്കൊൾക" എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പിന്റെ വിവിധ യൂണിറ്റുകളിലുള്ള ക്വയർ ഗാനശുശ്രൂഷയക്ക് നേതൃത്വം നൽകും. ഏപ്രിൽ 12 തിങ്കൾ രാവിലെ തിരുവല്ലയിൽ നിന്നും ക്യാമ്പ് സെന്ററിലേക്ക് പ്രത്യേക സൗജന്യവാഹനം ക്രമീകരിച്ചിട്ടുണ്ട്. ക്യാമ്പ് ഫീസ് 300 രൂപ. ഫോൺ: 0469– 2630544, 94468195544

## സി.പി.എ. കരസ്ഥമാക്കി



**ന്യൂയോർക്ക്:** ജോയ്സ് ഫിൽജി മാത്യു അമേരിക്കയിൽ 94% മാർക്കോടെ സി.പി.എ കരസ്ഥമാക്കി. ഇന്ത്യയിൽ നിന്നും സി.എ., എം.ബി.എ എന്നീ ഉന്നത ബിരുദങ്ങൾ നേടിയിട്ടുണ്ട്. കുമ്പനാട് ചർച്ച് ഓഫ് ഗോഡ് അംഗങ്ങളായ മുളംകുഴിയിൽ എം. കെ. മാത്തുക്കുട്ടി–വൽസമ്മ (ഒ.പി.എ മസ്ക്കറ്റ്) ദമ്പതികളുടെ മകൻ ഫിൽജി മാത്യുവിന്റെ (യു.എസ്.എ) പത്നിയും ഗുജറാത്തിലെ സബർമതി ശാരോൻ ഫെലോഷിപ്പ് അംഗങ്ങളായ ജോർജ്ജ് വർഗ്ഗീസ് ഓമന ദമ്പതികളുടെ ഏകമകളുമാണ്.

## പെനിയേൽ ബൈബിൾകോളേജ് കൺവൻഷനും ബിരുദദാന ശുശ്രൂഷയും

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ്ന്യൂസ് കൺവൻഷൻ ജനുവരി 5 മുതൽ 7 വരെ കീഴില്ലത്തു നടന്നു. ഐ.പി.സി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി മാത്യൂസ് ഉദ്ഘാടനം ചെയ്തു. ന്യൂ ഇൻഡ്യാ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ജയിസൺ തോമസ്, ന്യൂ ലൈഫ് ബൈബിൾ സെമിനാരി ഡയറക്ടർ റവ.ഡോ.ജോൺസൺ ഡാനിയേൽ, പി.സി എൻ.കെ ചെയർമാൻ റവ.വി.എം.ഏബ്രഹാം യു.എസ്.എ, പ്രശസ്ത സാഹിത്യകാരൻ റവ.ബാബു ജോർജ്ജ്, ജെ.സി മാത്യൂസ്, പ്രൊഫ.എസ്.പി ചാക്കോ എന്നിവർ പ്രസംഗിച്ചു.

27–മത് ഗ്രാജുവേഷൻ പെനിയേൽ ഓഡിറ്റോറിയത്തിൽ ജനുവരി 9–ാം തീയതി വെള്ളിയാഴ്ച പ്രൊഫ.എസ്.പി ചാക്കോയുടെ അദ്ധ്യക്ഷതയിൽ ഐ.പി.സി ജനറൽ സെക്രട്ടറി റവ.ഡോ.റ്റി.വത്സൻ ഏബ്രഹാം നിർവ്വഹിച്ചു. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രൊഫ.എസ്.പി ചാക്കോ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഇവാ.ഇ.റ്റി ബോവസും പാസ്റ്റർ ബാബു ജോർജ്ജും പ്രസംഗിച്ചു. അടുത്ത വർഷത്തെ ക്ലാസ്സുകൾ മെയ് 17–ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0484– 2653070, 2664775

## ഐ.പി.എ. ഭാരവാഹികളെ തിരഞ്ഞെടുത്തു

**പത്തനംതിട്ട:** പത്തനംതിട്ട ജില്ലയിൽ കുഴിക്കാല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ പെന്തക്കോസ്തൽ അസംബ്ലി സഭയുടെ പുതിയ വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ എം. ഡി. ഡാനിയേൽ (പ്രസിഡന്റ്), പാസ്റ്റർ ചെറിയാൻ ഡാനിയേൽ (ആക്റ്റിംഗ് പ്രസിഡന്റ്), പാസ്റ്റർ സി. എ. ജോൺ (വൈ. പ്രസിഡന്റ്), ഇവാ. മത്തായി തോമസ് (സെക്രട്ടറി), ബ്രദർ പി. എ ഏബ്രഹാം (ജോ. സെക്രട്ടറി), ബ്രദർ തോമസ് ഏബ്രഹാം (ട്രഷറാർ) എന്നിവരെ പുതിയ ഭാരവാഹികളായും 9 അംഗങ്ങളെ ചേർത്ത് പുതിയ കൗൺസിലും രൂപീകരിച്ചു.

## സെന്റർ കൺവൻഷൻ

**പീച്ചി:** ഐ.പി.സി. പീച്ചി സെന്റർ കൺവെൻഷൻ ഫെബ്രുവരി 18–21 വരെ ആൽപ്പാറ സെന്ററിന് സമീപം നടന്നു. പാസ്റ്റർമാരായ ജോൺ ലോറൻസ്, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം, സുവി. പി. ഐ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. ഒ. വർഗീസ് ഉൽഘാടനം ചെയ്തു. മണ്ണുത്തി മിസ്പാ വോയ്സ് ഗാനശുശ്രൂഷ നടത്തി.

**പന്തളം:** ഐ.പി.സി പന്തളം സെന്റർ കൺവൻഷൻ ഫെബ്രുവരി 10–14 വരെ തുമ്പമൺ താഴം ഐ. പി. സി കർമ്മേൽ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ കെ. ഒ. ജോർജ്ജ് ഉൽഘാടനം ചെയ്തു. പാസ്റ്റർമാരായ വർഗീസ് മത്തായി, കെ. കെ. ചെറിയാൻ, കെ. സി തോമസ്, പി. എസ് ഏബ്രഹാം, ജോൺസൺ ഡാനിയേൽ, മേജർ ലൂക്ക് തുടങ്ങിയവർ പ്രസംഗിച്ചു.

SOUTH ASIAN INSTITUE FOR LEADERSHIP & CULTURAL STUDIES

NO.1, NAICKEN PALAYAM,
COIMBATORE – 20, T.N. - 641 020
**(Accredited by Asia Theological Association)**

Invites application from committed men and women for the following courses beginning in June 2010. We provide excellent theological training and ministry opportunities on completion of the course.

**The last date to apply is 30th April, 2010.**

| COURSE | DURATION | ELIGIBILITY |
|---|---|---|
| 1. Dip.Th | 2 years | 10th Pass or equivalent |
| 2. B.Th | 3 years | 12th Pass or equivalent |
| 3. B.A* & B.Th | 3 years | 12th Pass or equivalent |
| 4. M.Div | 3 years | Graduation in any discipline |

For Application form and other details concerning admission write to:

**SALIENT FEATURES**

- **Qualified and well experienced National & International Faculty**
- **Multi-lingual and [redacted] ultural Student Body**
- **Situated amidst [redacted] ns and lush foliage in a 20 acre picturesque land. [redacted]**
- **Best Student acco [redacted] ion**
- **Accredited by As [redacted] logical Association**

**THE PRINC [redacted] AILCS, POST BOX – 4222,**
**SRK VIDYAL [redacted] T, COIMBATORE – 20, T.N**
**OR Call # 0984 [redacted] E- Mail: sailcs08@gmail.com**
* B.A Degree is [redacted] n one of the reputed universities in India

## നന്മയുടെ അടയാളങ്ങൾ, നമ്മുടെ അയൽക്കാർ




പേജ് 192 വില : 85 രൂപ

മതപരിവർത്തനത്തിന്റെ കാണാപ്പുറങ്ങൾ.
അദ്വാനിയുടെ എറ്റുപറച്ചിലും
സംഘപരിവാറിന്റെ അജണ്ടയും.
ഗീബൽസിയൻ തന്ത്രങ്ങൾ വിജയിക്കുന്നു.
ക്രൈസ്തവ സഭയ്ക്ക് ഇന്ത്യൻ സ്വത്വം!
കൊലക്കയർ അഴിച്ചുകളയാം.
ഈ തെരുവു യുദ്ധം എത്രനാൾ?
ഞങ്ങളും വേദനിക്കുന്നു.
ന്യൂനപക്ഷ പീഡനം മാധ്യമസൃഷ്ടിയോ?
കുരിശും ചെങ്കൊടിയും ഒരുമിച്ചു പിടിക്കാമോ?
പപ്പരാസി നാടുവാഴുന്നു.
വേട്ടക്കാർക്ക് വിരുന്നൊരുക്കിയപ്പോൾ.
ക്രൂശിലേറ്റപ്പെടുന്ന സത്യങ്ങൾ...
സമകാലിക സംഭവങ്ങളോടുള്ള
പ്രതികരണങ്ങൾ.

**ഗ്രന്ഥകാരൻ:** അച്ചൻകുഞ്ഞ് ഇലന്തൂർ

അയൽക്കാരനുമുണ്ട് അവകാശങ്ങൾ. സംഘടനകളിൽ അംഗത്വമില്ലാത്ത ക്രിസ്തു. ക്രിസ്ത്യാനിത്വത്തിന്റെ ശവപ്പറമ്പായി മാറുന്ന പള്ളികൾ. തോമാശ്ലീഹായുടെ പിൻതുടർച്ചക്കാർ. വചനത്തിലില്ലാത്തതെല്ലാം വലിച്ചെറിയുക. മലങ്കര സഭയെ നവീകരിച്ചവർ. കുരിശും വചനവും വില്പനയ്ക്കുള്ളതല്ല. കേരളത്തിലെ സഭകൾ മൗനം പാലിക്കരുത്. ആടുമോഷണം തടയാൻ വഴിയുണ്ട്. നൊമ്പരപ്പെടുന്ന ഹൃദയങ്ങൾ. വാതിലുകൾ തുറന്നിടുക, ഭൂമിയിൽ നന്മ വിളയട്ടെ. അവൻ ഇവിടെയില്ല; ഉയിർത്തെഴുന്നേറ്റു. ആറടിമണ്ണിന്റെ അവകാശികൾ. ക്രൂശിനോളം ഉയരുന്ന പൊങ്ങച്ചങ്ങൾ. പുതിയ കപ്പുകൾ ഉപയോഗിക്കാം. ആൾ ദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കുമിടയിൽ. ഈ പാഠവും നമ്മുടെ കുട്ടികൾ പഠിക്കട്ടെ. ആൾക്കൂട്ടം കാണാതെ പോകുന്ന സമകാലിക കാഴ്ചകൾ.

**ഗ്രന്ഥകാരൻ:** അച്ചൻകുഞ്ഞ് ഇലന്തൂർ




പേജ് 192 വില : 85 രൂപ

**തിരുവല്ലാ ദീപ്തി ബുക്ക്ഷോപ്പിൽ പുസ്തകങ്ങൾ നേരിട്ട് ലഭിക്കുന്നു**

ഓരോ പുസ്തകത്തിനും രജിസ്റ്റേർഡ് തപാലിൽ ലഭിക്കേണ്ടവർ 15 രൂപ അധികം അയയ്ക്കുക. വിദേശത്തേക്ക് 50 രൂപ അധികം അയയ്ക്കുക.തപാലിൽ വേണ്ടവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

**DEEPTHI PUBLICATIONS**

Planthottam Complex, Tiruvalla-1 Kerala. Phone: 0469- 2634321.
Email: deepthipublications@yahoo.co.in

## അപ്പൊസ്തല പ്രവർത്തികളിലെ പ്രസിദ്ധ ഭവനങ്ങൾ

# പുബ്ലിയൊസിന്റെ ഭവനം



പാസ്റ്റർ മാത്യൂ സാമുവൽ

"ആ സ്ഥലത്തിന്റെ സമീപത്തു പുബ്ലിയൊസ് എന്ന ദ്വീപുപ്രമാണിക്ക് ഒരു ജന്മഭൂമി ഉണ്ടായിരുന്നു; അവൻ ഞങ്ങളെ ചേർത്തു മൂന്നു ദിവസം ആദരവോടെ അതിഥിസൽക്കാരം ചെയ്തു. പുബ്ലിയൊസിന്റെ അപ്പൻ പനിയും അതിസാരവും പിടിച്ചു കിടപ്പിലായിരുന്നു. പൗലൊസ് അവന്റെ അടുക്കൽ അകത്തു ചെന്നു പ്രാർത്ഥിച്ച് അവന്റെമേൽ കൈവെച്ചു സൗഖ്യം വരുത്തി. ഇതു സംഭവിച്ചശേഷം ദ്വീപിലെ മറ്റു ദീനക്കാരും വന്നു സൗഖ്യം പ്രാപിച്ചു" പ്രവൃ. 28:7–9.

കപ്പൽച്ചേതത്തിൽ അകപ്പെട്ട പൗലൊസും സഹയാത്രികരും മാൾട്ടാദ്വീപിൽ അഭയം പ്രാപിച്ചു. മദ്ധ്യധരണിക്കടലിൽ സിസിലിക്ക് 60 മൈൽ തെക്കായി, 20 മൈൽ നീളവും 12 മൈൽ വീതിയുമുള്ള ഒരു ചെറിയ ദ്വീപത്രെ ഇത്. മാൾട്ടാ എന്ന വാക്കിന്റെ അർത്ഥം സങ്കേതം എന്നാണ്. എല്ലാം നഷ്ടപ്പെട്ട ഈ 276 യാത്രക്കാർക്കു ദ്വീപുവാസികൾ അഭയമരുളി. അവിടെയുള്ള ജനത്തെ 'ബർബ്ബരന്മാർ' എന്നു വിളിച്ചിരിക്കുന്നതിൽ നിന്നും അവർ അപരിഷ്കൃതർ എന്നു വരുന്നില്ല. ഗ്രീക്കു ഭാഷയിൽ നിന്നും ഗ്രീക്കു സംസ്കാരത്തിൽ നിന്നും വ്യത്യസ്തരായ എല്ലാവരെയും ഗ്രേക്കർ ബർബ്ബരന്മാർ എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. റോമൻ ആധിപത്യം പ്രബലമായതോടുകൂടി ഗ്രീക്കു–റോമൻ സംസ്കാരത്തിനു വെളിയിലുള്ളവരെല്ലാം ബർബ്ബരന്മാരായി റോമ. 1:14; 1കൊരി.14:11.

നിരാലംബരായി ദ്വീപിൽ അഭയം തേടിയ ഈ യാത്രാസംഘത്തോട് അസാധാരണ ദയ കാട്ടി ദ്വീപുവാസികൾ ഉപചരിച്ചു. മഴയും ശീതവും നിമിത്തം വലിയ കനൽകൂട്ടി ശൈത്യബാധയിൽ നിന്നും അവർ അവരെ രക്ഷിച്ചു. തടവുകാരനെങ്കിലും, ദൈവത്തിൽ ആശ്രയിച്ചതിനാൽ വിപതി ധൈര്യം കാട്ടി സഹയാത്രികരെ നിരാശാഗർത്തത്തിൽ നിന്നു കരേറ്റിയ പൗലൊസ് ഇതിനകം ശ്രദ്ധേയനായിക്കഴിഞ്ഞിരുന്നു. പ്രവൃ. 27:34–38. എങ്കിലും ഈ അസാധാരണ മനുഷ്യൻ സാധാരണക്കാരനെപ്പോലെ വിറകു പെറുക്കി തീയിൽ ഇടുന്നതായി നാം കാണുന്നു. പെട്ടെന്ന് ഉഗ്രവിഷമുള്ള ഒരു അണലി പൗലൊസിന്റെ കൈമേൽ കടിച്ചുതൂങ്ങി. ദ്വീപുവാസികൾ ഇതു കണ്ടപ്പോൾ "കടലിൽ നിന്നു രക്ഷപ്പെട്ടിട്ടും നീതിദേവി ജീവിക്കാൻ അനുവദിക്കാതെ ഭയങ്കര കൊലപാതകൻ ആണു പൗലൊസ്" എന്നു വിളിച്ചു കൂകി. മരണകരമായതൊന്നും കുടിച്ചാലും കടിച്ചാലും ഹാനി വരികയില്ല എന്ന കർത്താവിന്റെ വചനം ഓർത്ത പൗലൊസ് ആ ജന്തുവിനെ തീയിൽ കുടഞ്ഞുകളഞ്ഞു. ഒരു ദോഷവും തനിക്കു ഭവിച്ചില്ല. അവൻ ചത്തു വീഴുന്നതു കാണ്മാൻ കാത്തിരുന്ന ദ്വീപുവാസികൾ പെട്ടെന്നു മനസ്സു മാറ്റി സാക്ഷാൽ ദേവനാണു പൗലൊസ് എന്നു പറയുകയുണ്ടായി. പ്രവൃ.28:1–6. ലുസ്ത്രയിൽ മുടന്തന്റെ അത്ഭുതസൗഖ്യത്തിൽ പൗലൊസിനെയും ബർന്നബാസിനെയും ദേവനെന്നു വിളിച്ചവർ അധിക താമസമെന്യേ അവരെ കല്ലെറിഞ്ഞു. പ്രവൃ. 14:8–20. ജനത്തിന്റെ വിലയിരുത്തലിനു സ്ഥിരരൂപമില്ല. പൊതുജന പ്രീതിയിലോ പൊതുജന ഭീഷണിയിലോ വിശുദ്ധൻ ഒരുനാളും ഇളകുന്നില്ല.

കടലിലെന്നപോലെ കരയിലും ദൈവത്തിന്റെ വിശ്വസ്ത ഭൃത്യൻ മാനിക്കപ്പെട്ടു. സർപ്പദംശനത്തിൽ നിന്നുള്ള പൗലൊസിന്റെ വിടുതൽ ദ്വീപുവാസികളെ വിസ്മയഭരിതരാക്കി. ദ്വീപുപ്രമാണിയായ പുബ്ലിയൊസ് അത്യാദരപൂർവ്വം യാത്രാസംഘത്തിന് ആതിഥ്യമരുളി. അദ്ദേഹത്തിന്റെ പിതാവിന്റെ രോഗം പൗലൊസ് പ്രാർത്ഥിച്ച് അവന്റെ മേൽ കൈവെച്ചു സൗഖ്യമാക്കി. ദ്വീപിൽ സുവിശേഷം അറിയിപ്പാൻ ഇതു മുഖാന്തിരമായി. മറ്റു രോഗികൾ കടന്നുവന്നു പൗലൊസിന്റെ ശുശ്രൂഷയാൽ സൗഖ്യം പ്രാപിച്ചു.

"സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" (2തിമൊ. 4:1–5) എന്ന് ഉപദേശിച്ച പൗലൊസിന് എപ്പോഴും ദൈവവചനം അറിയിപ്പാൻ അവസരമായിരുന്നു. യാത്രാ




വേളകളിലും വിശ്രമസന്ദർഭങ്ങളിലും എല്ലാം സുവിശേഷം അറിയിപ്പാൻ താൻ തയ്യാറായിരുന്നു. പുബ്ലിയൊസിന്റെ പിതാവിന്റെ രോഗം കണ്ടു താൻ കടന്നുചെന്നു പ്രാർത്ഥിക്കയും അത് അദ്ദേഹത്തിന്റെയും രോഗികളായ അനേക ദ്വീപുവാസികളുടെയും സൗഖ്യത്തിനു വഴിതെളിക്കയും ചെയ്തു. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ കൃപയെ സാക്ഷിപ്പാൻ തനിക്കെപ്പോഴും സന്തോഷമായിരുന്നു. മാൾട്ടാ ദ്വീപിൽ സുവിശേഷം എത്തുവാൻ കപ്പൽച്ചേതവും സർപ്പദംശനവും മുഖാന്തിരമായി. റോമയിൽ കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നതിൽ നിന്നു പൗലൊസിനെ തടയുവാൻ സാത്താൻ ഒരുക്കിയ മുഖാന്തിരങ്ങളായിരിക്കാം അവയെല്ലാം. എന്നാൽ പ്രതികൂലങ്ങളിന്മേൽ ജയഭേരി മുഴക്കി പൗലൊസ് സുവിശേഷത്തിന്റെ വെന്നിക്കൊടി പറത്തി. തന്റെ സഹയാത്രികരെല്ലാം സുവിശേഷത്തിന്റെ സ്വാധീനത അനുഭവിച്ചു. മാൾട്ടാ ദ്വീപിലെ ഇവരുടെ മൂന്നുമാസത്തെ താമസം ആ ദ്വീപു സുവിശേഷം കേൾപ്പാൻ അവസരമായി.

സുവിശേഷ ഘോഷണത്തോടൊപ്പം രോഗശാന്തിക്കായി പൗലൊസ് പ്രാർത്ഥിച്ചുപോന്നു. കർത്താവാണു സൗഖ്യം നൽകുന്നത്. എന്നാൽ രോഗികൾക്കായി പ്രാർത്ഥിക്കേണ്ടതു സുവിശേഷകരാണ്. രോഗസൗഖ്യം സുവിശേഷ ഘോഷണത്തിനു വഴിയൊരുക്കും. മനുഷ്യന്റെ ആത്മികാവശ്യങ്ങൾക്കു മാത്രമല്ല, ശാരീരിക കേടുകളിൽ നിന്നും അവനെ ഉദ്ധരിക്കുന്ന വീണ്ടെടുപ്പുകാരനത്രെ ക്രിസ്തു. ജീവിക്കുന്ന ക്രിസ്തു പാപികളെ രക്ഷിക്കുന്നു; രോഗികളെ സൗഖ്യമാക്കുന്നു; പരിശുദ്ധാത്മാവിനെ നൽകുന്നു; രാജാവായി വീണ്ടും വരുന്നു – ഈ ചതുർവ്വിധ സന്ദേശമത്രെ ഇന്നും ആവശ്യമായിരിക്കുന്നത്. സുവിശേഷം പൂർണ്ണമായി പ്രഘോഷിക്കുമ്പോൾ, കർത്താവു നമ്മുടെ ശുശ്രൂഷയെ മാനിച്ചു രക്ഷയും സൗഖ്യവും നൽകുന്നു. ആവശ്യാനുസരണം സാധാരണ വീര്യപ്രവൃത്തികളും അസാധാരണ വീര്യ പ്രവൃത്തികളും നമ്മിലൂടെ ചെയ്യാൻ പ്രസാദിക്കുന്നു പ്രവൃ. 19:8–12. "പിൻവരുന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചുപോന്നു." മർക്കൊ. 16:19,20; റോമ. 15:18; ഗലാ. 3:5; എബ്രാ. 2:1–4. അത്ഭുതങ്ങൾ അവസാനിച്ചിട്ടില്ല. ഇന്നും തുടരുന്നു. വിശ്വസിച്ച് ഒരുക്കപ്പെടുന്ന ദേഹികളിലൂടെ ഇന്നും കർത്താവ് പ്രവർത്തിക്കുന്നു.

മാൾട്ടാ ദ്വീപുവാസികൾ സുവിശേഷത്താൽ അനുഗ്രഹിക്കപ്പെട്ടു; കപ്പൽ ച്ചേതത്തിൽ അകപ്പെട്ടു നിരാലംബരായി വന്ന ഈ യാത്രക്കാരെ സുവിശേഷകനായ പൗലൊസ് മുഖാന്തിരം അവർ ആദരിച്ചു. സുവിശേഷം അന്നും ഇന്നും എന്നും അനുഗ്രഹമാണ്. "നിന്നിൽ ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം ദൈവം അബ്രഹാമിനോടു മുൻകൂട്ടി അറിയിച്ചു. അബ്രഹാമിന്റെ അനുഗ്രഹം വിശ്വാസത്താൽ ജാതികൾക്കു ലഭ്യമായി. പാപം വരുത്തിവെച്ച സർവ്വശാപങ്ങളിൽ നിന്നും സുവിശേഷം മനുഷ്യരെ വിടുവിക്കുന്നു. വിടുതലിന്റെ സന്ദേശമത്രെ സുവിശേഷം. സുവിശേഷം അറിയിക്കുന്നവരുടെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം. റോമ. 10:15.

മാൾട്ടയിലെ ജനം അനുഗ്രഹിക്കപ്പെട്ടു കഴിഞ്ഞപ്പോൾ അവരുടെ ഭൗതികനന്മകൾ യാത്രാസംഘത്തിനു പങ്കിടുവാൻ അവർ മടികാണിച്ചില്ല. മൂന്നു മാസത്തെ താമസശേഷം അവർ മാൾട്ടാ വിടുമ്പോൾ "ഏറിയ സമ്മാനം തന്ന് അവർ ഞങ്ങളെ മാനിച്ചു. യാത്രയ്ക്കാവശ്യമുള്ളതു കയറ്റിത്തന്നു." സുവിശേഷം ജനത്തെ അനുഗ്രഹിക്കുന്നു; അനുഗൃഹീതജനം ഭൗതിക നന്മകളാൽ പ്രത്യുപകാരം ചെയ്യുന്നു. ആത്മീകമായതു വിതച്ചിട്ടു ഭൗതികമായതു കൊയ്യുന്നു 1 കൊരി. 9:11.

കപ്പൽച്ചേതം ദൈവം അറിഞ്ഞുകൊണ്ടാണു വരുന്നതെങ്കിൽ സംരക്ഷണത്തിന്റെയും വിടുതലിന്റെയും മാർഗ്ഗം ദൈവം മുൻ കണ്ടിട്ടുണ്ട്. ഈ വലിയ കപ്പൽച്ചേതത്തിനു മുമ്പു മൂന്നു കപ്പൽച്ചേതങ്ങളിൽ പൗലൊസ് അകപ്പെട്ടതായി കൊരിന്ത്യ ലേഖനത്തിൽ പറയുന്നു. 2 കൊരി. 11:25. "നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു." "എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി." റോമ. 8:28; ഫിലി. 1:12.

മാൾട്ടാ ദ്വീപിലെ പുബ്ലിയൊസിന്റെ ഭവനം സുവിശേഷ അനുഗ്രഹങ്ങൾ പങ്കിടുന്ന ഇടമായി ഭവിച്ചു. സുവിശേഷത്താൽ അനുഗ്രഹിക്കപ്പെട്ട ജനം ഭൗതിക നന്മകൾ പങ്കിടുന്ന ഇടമായും തീർന്നു. മാൾട്ടാ ദ്വീപിൽ സുവിശേഷം വിജയപതാക ഉയർത്തി. ആ സാക്ഷ്യം പിൽക്കാലത്തേക്കു നിലനിന്നു.


Four Daily Reading from Suvartha Bhavan




For Youth

**400 Page, Hard Bound. Rs. 165/-**

*സുപ്രസിദ്ധ വേദശാസ്ത്രജ്ഞനും ബൈബിൾ വ്യാഖ്യാതാവുമായിരുന്ന ഡോ. വില്യം ബാർക്ലേ രചിച്ച Marching Order, Daily Celebrations Vol. 1 & II എന്നീ Daily Reading ഗ്രന്ഥങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 600 ലധികം ഡിവോഷനൽ ഭാഗങ്ങൾ ചേർച്ച് അവതരിപ്പിച്ചിരിക്കുന്ന 365 ദിവസത്തേക്ക് ഇംഗ്ലീഷിലുള്ള Daily Reading, Daily Celebration*




For Young and Old

365 DAYS

DEVOTIONAL

**400 Page, Hard Bound. Rs. 120/-**




For Couples

**H. Norman Wright**

**QUIET TIMES**

**For Couples**

***A Daily Devotional***

**395 Pages, Rs. 165/-**




SUVARTHA BHAVAN

T.K. Road, Thiruvalla - 689 101, Kerala. Ph: 0469 2740334,

Website : www.suvarthabhavan.in E-mail : suvarthabhavan@rediffmail.com

## എക്സൽ വി.ബി.എസ്. ഡയറക്ടേഴ്സ് പരിശീലനങ്ങൾ

**പത്തനംതിട്ട:** ഇന്ത്യയിലും വിദേശത്തും വി.ബി.എസ്, യുവജനക്യാമ്പുകൾ എന്നിവയ്ക്ക് നേതൃത്വം നൽകുന്ന എക്സൽ വി.ബി.എസ് 2010 ലെ ഡയറക്ടേഴ്സ് പരിശീലനങ്ങൾ കേരളത്തിലുടനീളം നടക്കുന്നു. ഉണരുക എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. 25ലധികം പരിശീലനങ്ങളും 500ലധികം വി.ബി.എസ്സുകളും നടക്കും.

മാർച്ച്: 3-4 കണ്ണൂർ, തളിപ്പറമ്പ്, എസ്സ്.എൻ.ഡി.പി, ഹാൾ, മാർച്ച് :5-6 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ്ഗോഡ്, മാർച്ച് 10: മാനന്തവാടി ഐ.എം.എ ഹാൾ, മാർച്ച് : 10 -11 തൃശ്ശൂർ, പറവട്ടാനി ശാരോൻ ചർച്ച്, മാർച്ച് : 13 ഗൂഡല്ലൂർ സെൻറ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ചെവിടിപെട്ട്, മാർച്ച് : 15-16 കോട്ടയം പടിഞ്ഞാറേക്കര ഓഡിറ്റോറിയം, മാർച്ച് :17-18 പേരൂർക്കട എസ്.എൻ.ഡി.പി ഹാൾ, മാർച്ച്: 19-20 നെയ്യാറ്റിൻകര ടൗൺ ഹാൾ, മാർച്ച് : 22 തൊടുപുഴ ഐശ്വര്യ ഓഡിറ്റോറിയം, മാർച്ച്: 23-24 പുനലൂർ, മാർച്ച് :26-27 മാരാമൺ മാർത്തോമാ റിട്രീറ്റ് സെന്റർ തുടങ്ങിയ സ്ഥലങ്ങളിലായി നടക്കും.

കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന് താല്പര്യപ്പെടുന്ന ആർക്കും പങ്കെടുക്കാം. ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഗ്ലാഡ്സൺ ജെയിംസ്, അലക്സ് മാത്യു, സണ്ണി ജോൺ, ബിജിൽ എം.രാജൻ എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനായും എക്സൽ വി.ബി.എസ്. ഇമെയിൽ :
excelvbs@gmail.com
**ഫോൺ : 9495834994**

## എക്സൽ വി.ബി.എസ്. വി.സി.ഡി പ്രകാശനം ചെയ്തു

**തിരുവല്ല:** എക്സൽ വി.ബി എസ്സ് കുട്ടികൾക്കായി പുറത്തിറക്കിയ 'കുഞ്ഞിത്താരങ്ങൾ' എന്ന വീഡിയോ സി.ഡി പ്രകാശനം ചെയ്തു. പാസ്റ്റർ എ.ഷാജി അദ്ധ്യക്ഷനായ മീറ്റിംഗിൽ എ.ജി.സൂപ്രണ്ട് റവ. റ്റി.ജെ സാമുവേൽ, റവ. മാത്യു ചാക്കോയ്ക്ക് നൽകികൊണ്ട് പ്രകാശനം നിർവ്വഹിച്ചു. പാട്ടുകളും, കഥകളും, പപ്പറ്റ്ഷോ, അഭിനയ ഗാനങ്ങൾ തുടങ്ങിയവ അടങ്ങിയിരിക്കുന്ന വി.സി.ഡിയുടെ ഡയറക്ടർ റെഞ്ചി നെടുമൺകാവ്, അലക്സ് മാത്യു എന്നിവരാണ്.

സമ്മേളനത്തിൽ ബിനു ജോസഫ് വടശ്ശേരിക്കര എക്സൽ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. റവ. ബാബു ജോർജ് റാന്നി, അനിൽ ഇലന്തൂർ, പാസ്റ്റർ ജോൺ ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു. കോപ്പികൾക്ക് വിളിയ്ക്കുക - 9496325026

## കേരളത്തിലെ പെന്തെക്കോസ്തു മുന്നേറ്റത്തിന്റെ ആരംഭം

**പേജ് 5ന്റെ തുടർച്ച**

യോഹന്നാൻ , പള്ളികിഴക്കേതിൽ ലൂക്കോസ്, കിഴക്കേവിള പനവേലി വീട്ടിൽ ചാക്കോച്ചൻ തുടങ്ങിയ യുവാക്കൾ മുകളിൽ പറഞ്ഞ സ്വതന്ത്ര സഭയോട് ചേർന്നു. 1938 ൽ ഈ സ്വതന്ത്ര സഭയ്ക്ക് സ്വന്തമായി സ്ഥലം വാങ്ങി ചെറിയ ഷെഡ് പണിത് അതിൽ ആരാധന നടത്തിപ്പോന്നു. ഇപ്പോൾ അസംബ്ലീസ് ഓഫ് ഗോഡിന്റെ ആരാധനാലയം നിലകൊള്ളുന്ന സ്ഥലത്തായിരുന്നു ഈ സ്വതന്ത്രസഭാ കൂടിവരവ്.

1924 ൽ തെന്നിന്ത്യൻ പെന്തെക്കോസ്തു സഭ (ദ്രി. സൗത്ത് ഇന്ത്യൻ പെന്തെക്കോസ്തു ചർച്ച്) എന്ന പേരിൽ പാസ്റ്റർ. കെ.ഇ. ഏബ്രഹാമിനാൽ സ്ഥാപിതമായ സഭ 1934 ൽ ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭ (ഐ.പി.സി) എന്ന പേരിൽ പുനർനാമകരണം ചെയ്തു പ്രവർത്തനങ്ങൾ സജീവമാക്കി. അക്കാലത്തെ തെക്കൻപ്രദേശത്തെ പ്രമുഖ വേദപണ്ഡിതനായ പത്തനാപുരം പാസ്റ്റർ ടി.ജി. ഉമ്മന്റെ ചുമതലയിലായിരുന്നു കൊട്ടാരക്കരയിലും പ്രാന്തപ്രദേശങ്ങളിലും ഐപിസിയുടെ പ്രവർത്തനങ്ങൾ. പാസ്റ്റർ. ഐ മാത്യൂ (കരിമ്പിൻകുന്നിൽ മാത്യൂച്ചൻ), പാസ്റ്റർ. പി.റ്റി.ചാക്കോ (വെട്ടിയാറ്റ് ചാക്കോച്ചൻ) എന്നിവർ ആ സമയത്തെ സ്ഥലത്തെ ഐപിസി പ്രവർത്തനങ്ങളിൽ പാസ്റ്റർ ടിജി ഉമ്മനുമായി ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. ദേശത്ത് അന്ന് റസലിസം, യുയോമയം ബ്രദറൺ തുടങ്ങിയ സമൂഹങ്ങളുടെ ഉപദേശങ്ങൾ ശക്തമായി വേരൂന്നിയിരുന്നു. ഇതിനിടയിൽ പെന്തെക്കോസ്തു സത്യങ്ങളടങ്ങിയ വേദോപദേശം വ്യക്തമായി മനസ്സിലാക്കാൻ മുകളിൽ പറഞ്ഞ സ്വതന്ത്ര സഭയിലെ അംഗങ്ങളും മറ്റ് പലരും താത്പര്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാസ്റ്റർ ടി.ജി. ഉമ്മനും സഹപ്രവർത്തകരും വേദപഠന ക്ലാസ്സുകളും കൺവൻഷനും നടത്തി. ആ യോഗങ്ങളുടെ ഫലമായി ചിലർ സ്നാനമേറ്റു.പാസ്റ്റർ. ടി.ജി. ഉമ്മന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി തീർന്ന സ്വതന്ത്ര സഭയിലെ ഒരു വിഭാഗം 1942 ഏപ്രിൽ 6-ാം തീയതി ഐ.പി.സി. പ്രസ്ഥാനത്തോട് ചേർന്നു. അങ്ങനെയാണ് തൃക്കണ്ണമംഗലിൽ ഐ.പി.സിയ്ക്ക് സ്വന്തമായി കൂട്ടായ്മ ആരംഭിക്കുന്നത്. സ്ഥലത്തെ പ്രഥമ ഐ പി സിയുടെ ശുശ്രൂഷകൻ പാസ്റ്റർ. പി.റ്റി ചാക്കോ യായിരുന്നു.

സ്വതന്ത്ര സഭയിലെ മറ്റൊരു വിഭാഗം അൽപ്പകാലം കൂടെ ആ നിലയിൽ തുടരുകയും പിന്നീട് 1949 ൽ അസംബ്ലീസ് ഓഫ് ഗോഡിൽ ലയിച്ച് പ്രവർത്തനം ശക്തമാക്കുകയും ചെയ്തു. ഏ.ജിയുടെ മിഷണറിയായിരുന്ന ബർജ്ജസ് സായ്പ്പിന്റെ സഹകരണത്തോടെ സ്ഥലം എ.ജിയുടെ പേരിൽ വാങ്ങി ആരാധന ആരംഭിക്കുകയായിരുന്നു.

1953 ൽ പാസ്റ്റർ. പി.ജെ.തോമസിനാൽ തിരുവല്ലയിൽ തുടക്കം കുറിച്ച ശാരോൻ സഭാ പ്രവർത്തനം 1962 ലാണ് തൃക്കണ്ണമംഗലിലെത്തിയത്. പഴകുളം ഡാനിയേൽ പാസ്റ്ററായിരുന്നു. ഇവിടുത്തെ ശാരോന്റെ പ്രഥമ പ്രവർത്തകൻ. ഇന്ന് തൃക്കണ്ണമംഗലിന്റെ പടിഞ്ഞാറും കിഴക്കുമായി 2 പ്രാദേശികസഭാപ്രസ്ഥാനങ്ങൾ ശാരോനുണ്ട്. വടക്ക് മലങ്കര ദൈവസഭ മുതൽ തെക്ക് കടലാവിള സി.എം.എസ് സഭാഹാൾവരേയും, കിഴക്ക് യാക്കോബായ പള്ളിമുതൽ പടിഞ്ഞാറ് ബ്രദ്റൺ സഭാഹാൾവരെയുമുള്ള ഏകദേശം 5 കി.മീ. ചുറ്റളവിൽ കിടക്കുന്ന തൃക്കണ്ണമംഗലിൽ യൂസ്തൂസ് ജോസഫ് ആരംഭിച്ച യുയോമയം ഉൾപ്പെടെ 30 ൽ അധികം ക്രിസ്തീയ സഭാപ്രസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നു. ഇതിൽ 21 ഓളം പെന്തെക്കോസ്തു സഭാകൂട്ടായ്മകളും അവയുടെ പ്രാദേശിക ഘടകങ്ങളുമാണ്. തൃക്കണ്ണമംഗലിന് സമീപം നിലകൊള്ളുന്ന ദ് പെന്തെക്കോസ്ത് മിഷൻ കേരളത്തിലെ തന്നെ ഏറ്റവും വലിയ പ്രാദേശിക കൂട്ടായ്മയാണ്. ദേശത്ത് സ്ഥാപിതമായ കൂട്ടായ്മകളിൽ ഐപിസി ഏറ്റവും വലിയ സഭയായി നിലകൊള്ളുന്നു. ഇവിടുത്തെ സഭാപ്രസ്ഥാനങ്ങളിൽ സഭാ മുത്തശ്ശി എന്ന് വിശേഷിപ്പിക്കാവുന്ന മലങ്കര ദൈവസഭ ചരിത്രസ്മരണയുണർത്തി തൃക്കണ്ണമംഗലിന്റെ വടക്ക് കവാടത്തിൽ നിലകൊള്ളുന്നു. ബൈബിൾ കോളേജുകൾ, മിഷണറി പ്രസ്ഥാനങ്ങൾ, ക്രിസ്തീയ മാധ്യമ സ്ഥാപനം, അനാഥ ശാലകൾ തുടങ്ങി ഇതര ആത്മീക-ജീവകാരുണ്യ പ്രസ്ഥാനങ്ങൾ ഇന്നീ പ്രദേശത്തുണ്ട്.

രാജാധിരാജനായ ദൈവത്തിന്റെ തൃക്കണ്ണു പതിഞ്ഞതിനാൽ ആത്മീക നവോന്മേഷം പ്രാപിച്ച സ്ഥലമെന്ന നിലയിൽ എന്തുകൊണ്ടും തൃക്കണ്ണമംഗൽ എന്ന പേരിൽ നമ്മുടെ ദേശത്തെക്കുറിച്ച് നമുക്കഭിമാനിക്കാം; അപ്പോൾ തന്നെ ലോകചരിത്രത്തിലും ഈ മണ്ണിന് വിസ്മരിക്കാനാവാത്തൊരു സ്ഥാനമുണ്ട്. കൊട്ടാരക്കര തമ്പുരാന്റെ ഐശ്വര്യത്തിന്റെ കണികാഴ്ചയായ കിഴക്കൻ ദിക്കാണ് തൃക്കണ്ണമംഗൽ. ചരിത്ര നിരീക്ഷകർ ഹൈന്ദവ സങ്കൽപ്പങ്ങളോട് ചേർന്നും തൃക്കണ്ണമംഗലിനെ പരാമർശിക്കുന്നുണ്ട്. അയിത്തം എന്ന അനാചാരത്തിലൂടെ ഒരു വിഭാഗം ജനങ്ങളെ വെറും മൃഗങ്ങൾക്ക് തുല്യമായി പരിഗണിച്ചിരുന്ന കാലഘട്ടത്തിൽ ഉച്ചനീചത്വങ്ങളുടെ വേലിക്കെട്ടുകൾ പൊളിച്ച് ക്ഷേത്ര പ്രവേശന വിളംബരം എന്ന മഹത്തായ സാമൂഹ്യ പരിവർത്തനത്തിന് ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി തുടക്കം കുറിച്ചത് തൃക്കണ്ണമംഗലിൽ 1937 ജനുവരി 21 ന് ആയിരുന്നു. കേരളത്തിന്റെ പൈതൃക കലയായ കഥകളിയുടെ ഉത്ഭവവും സ്മാരകസ്ഥാനവും ഈ മണ്ണിലാണ്.

തുടക്കം മുതൽ വളർച്ചയുടെ പടവുകളേറുന്ന കാലങ്ങൾ വരേയും ഇവിടുത്തെ പെന്തെക്കോസ്തു പ്രവർത്തനത്തെ ഏത് വിധേനയും തച്ചുടയ്ക്കാൻ ശ്രമിച്ച സാമുദായിക-രാഷ്ട്രീയ ശക്തികളിൽ നിന്ന് ഇവയെ സംരക്ഷിച്ച് വളർത്താൻ നമ്മുടെ പിതാക്കന്മാർ സഹിച്ച ത്യാഗം വളരെ വലുതാണ്. പെന്തക്കോസ്തർക്ക് പണമോ സ്വാധീനമോ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ദൈവാശ്രയവും ആത്മധൈര്യവും കൊണ്ട് പ്രതിസന്ധികളെ അതിജീവിച്ച് , പാവനമായൊരു ദൈവീകമാർഗ്ഗത്തിന്റെ ദീപശിഖ നമുക്ക് കൈമാറിയ ആ പിതാക്കന്മാരുടെ സേവനങ്ങളെ ഈ ശതാബ്ദി സന്ദർഭത്തിൽ നന്ദിയോടെ ഓർക്കാം. അവരുടെ ആത്മീക നന്മയേയും കാഴ്ചപ്പാടുകളേയും പിൻതുടരുവാൻ നമുക്ക് കഴിയട്ടെ.


## മരുപ്പച്ച വിഷൻ അവതരിപ്പിക്കുന്ന VCD

### ഗ്ലാഡിസ് സ്റ്റെയിൻസിന്റെ അനുഭവസാക്ഷ്യം

# ഞാൻ ക്ഷമിച്ചു

*ഞാൻ പൂർണ്ണമായി തകർക്കപ്പെട്ടു. എന്നാൽ എനിക്ക് ആരോടും പരിഭവമില്ല. ശത്രുക്കളോട് ക്ഷമിക്കുവാനാണ് യേശുനാഥൻ എന്നെ പഠിപ്പിച്ചത്. എന്റെ ഭർത്താവിന്റെ ഘാതകൻ ദൈവസ്നേഹം അനുഭവിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.*
*- ഗ്ലാഡിസ് സ്റ്റെയിൻസ്*

ഇൻഡ്യയിൽ എവിടെയും തപാൽ ചാർജ് സൗജന്യം. വിദേശത്തേക്ക് 100 രൂപ അധികം അയയ്ക്കുക.




**MARUPPACHA**
**Planthottam Complex,**
**Thiruvalla-1 Kerala.**
**Phone: 0469- 2634321**
E-mail: maruppacha@yahoo.com

വില 100 രൂപ

ജി.എം.സി. റൈറ്റേഴ്സ് ഫോറം & സങ്കീർത്തനം

## മരുപ്പച്ച

**www.marupacha.com**

**ലോകമെങ്ങുമുള്ള മലയാളികൾ ഇഷ്ടപ്പെടുന്ന ക്രൈസ്തവ ദ്വൈവാരിക**

വാർഷിക വരിസംഖ്യ ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : **$ 40.** ഇംഗ്ലണ്ട് : 25 പൗണ്ട്.
ഗൾഫ് രാജ്യങ്ങൾ : 1500 രൂപ.

**വിലാസം : Maruppacha , Planthottam Complex**
**Tiruvalla - 689 101, Phone : 0469-2634321**
E-mail : maruppacha@yahoo.com

**മരുപ്പച്ചയുടെ പുതിയ വരിക്കാരാകുവാനും വരിസംഖ്യ പുതുക്കുവാനും താഴെക്കാണുന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുക.**

---

Name :............................................................................

Full Address withPincode District and State :............................................................................
:............................................................................
:............................................................................

Ref.No :............................................................................

If any change of Addres, Pls. mention the old address :............................................................................
:............................................................................

Phone :............................................................................

E-mail :............................................................................

New ☐ Renewal ☐

ഇതോടൊപ്പം ഞാൻ വരിസംഖ്യയായി .................. രൂപ/ഡോളർ/ പൗണ്ട് / എം.ഒ./ഡി.ഡി./ അയയ്ക്കുന്നു.

# www.marupacha.com

# MATRIMONIALS

എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലെയും വിവാഹ പരസ്യങ്ങൾ മരുപ്പച്ച ദ്വൈവാരികയിൽ പ്രസിദ്ധീകരിക്കുന്നു.

**വിവാഹ പരസ്യങ്ങൾക്ക് 500 രൂപ**

**പരസ്യങ്ങൾ ടെലിഫോണിലും സ്വീകരിക്കും**

ഫോൺ: **0469 - 2634321**

e-mail: maruppacha@yahoo.com

വിലാസം : MATRIMONIALS, MARUPPACHA, THIRUVALLA -1

'MARUPPACHA' യുടെ പേരിൽ ഡി.ഡി എടുക്കുക

Pentecostal, US settled parents inviting proposals for their son 30, 5'8", born-again, baptized, graduated in computer engineering, currently employed by a reputable company, seeking a God-fearing, professionally qualified girl. Please contact with pictures and all relevant information. Contact:
**godsprovision22@gmail.com**
**Or 215-820-0241**

Pentecostal parents inviting proposals for their son (US Citizen, 23, 5'6"). He's born-again, baptized, God-fearing, musically talented, athletically fit. He's completing his BSRS. He's employed in the health care system. We're looking for a God-fearing, born-again, baptized, spirit filled and musically talented girl. She must have completed or is student of Doctor of Pharmacy, MS/BS in Nursing, or other equivalent professions in medical field. Contact with photos and details:
**forhiswill@ymail.**

Pentecostal parents invites proposals for their daughter, 26, 5'2", fair, slim, God-fearing, baptized, and spirit filled. She is currently doing Masters in Nursing (MSN) in Bangalore. We are looking for professionally qualified boys who are God-fearing and from the same background. Please respond with full details and recent photos to
**stanetti7582@yahoo.com**
**(516) 385-0185, (718) 776-7858**

Pentecostal parents are seeking a suitable bridegroom for their daughter to be given in holy matrimony. Prospective candidate must be from traditional East Indian Christian heritage, well educated, with good physical appearance and uncompromising spirituality. Our 29 year old daughter is gainfully employed, well educated with Pharm D from a very good University. Interested dear ones need to email us with 2 un-glossed pictures and bio-data to
**maz2314@yahoo.com**

Pentecostal parents seeking marriage proposals for their daughter, age 32, (5'6'' in height). She was born and brought-up in US with a Bachelors in Nursing. She also has a Masters in Public Health. She is a clinical research coordinator at a prestigious hospital. She is an active member of our church, baptized and spirit-filled. We are inviting proposals from God-fearing, educated boys. Please respond with full details to
**ath2852@yahoo.com**
**or 973-769-8893**

Pentecostal parents, permanent US residents, seeking proposals from parents of professionally qualified God-fearing Pentecostal boys (between 25-29 years of age, US citizen or permanent resident), for their daughter, 24 years of age, 5' 2", fair, slim, family oriented, born and brought up in U.A.E., raised in strict Christian discipline and spiritual values, fluent in Malayalam, actively involved in church, RN working part-time and pursuing her BSN. Please contact with pictures:
**godprovides365@gmail.**

Pentecostal parents seeking marriage proposals for their daughter. She is 27, God fearing, born and brought up in US and currently working for a reputable university after her Ph.D in Clinical Psychology. We are looking for born again, spiritual and professionally qualified young men, settled in US or Canada. Interested parties may please respond with full details and a recent photograph to
**gptktm@gmail.com**

Marthoma parents in Kerala invites marriage proposals for their daughter. She is 27 years old,deaf and mute with deformity of left hand. She was born in Kuwait and studied in Madras,completed B.Com and PGDCA.They are seeking proposals from boys of any christian denomnations preferably deaf and with knowledge of English.If interested please contact **0481-2486560 (home) or 9745048045 (cell)**
**E-mail:**
**sherinlovely@gmail.com**

Syrian Christian Pentecostal parents invite proposal for their son 28/164, Bachelor of occupational therapist (BOT) working in Dubai as an Occupational Therapist with family status, BB in UAE. We are looking for a professionally qualified girl from the same faith. Pls respond with details and photo to
**godswish4us@yahoo.com**
**or call 4692669773 / 9645464821.**

Pentecostal parents invite proposal for their daughter 28 years, 5'4'', fair, B.com, MBA, working in Indian Oil company in Delhi. Looking for a suitable match. Please respond with details and recent full size photograph to
**blessylissajohn@rediffmail.com**
**Phone : 09818117819**


**Building A Christ - Centered Marriage**
AN INTERNET SEARCH PROGRAM FOR CHOOSING THE RIGHT CHRISTIAN LIFE PARTNER
**Visit**
www.HolyMatrimonial.com
**Register Free***

**Contact Address**
201, Kaveri Building, Sakinaka,
Andheri (E), Mumbai-72, India
Tel : 0-93246 30219
Email: support@holymatrimonial.com
WEB SITE:
http://www.HolyMatrimonial.com

**Features**
*Online profile Creation*
*Upload your Photograph Online*
*Search your life partner*
*Contact your Disired match*
**Premium membership Options*




5 പതിപ്പുകൾ വിറ്റഴിഞ്ഞ 100 പ്രസംഗങ്ങൾക്കു ശേഷം
മാത്യു പാലത്തുങ്കൽ രചിച്ച പുതിയ പുസ്തകം
**101 പ്രസംഗങ്ങൾ**
ആത്മപ്രചോദിതം !
ആശയസമ്പുഷ്ടം !!
300 പേജ്
145 രൂപ
വാക്യങ്ങളുടെ പശ്ചാത്തലം, ഭൂമിശാസ്ത്രം,
മൂലഭാഷകളുടെ അർത്ഥം, കഥകളും ഉദാഹരണങ്ങളും
അതിലധികവും . . .
Gilgal Creations, Post Box 27, Kuttapuzha P. O. Thiruvalla-3
Mob. 9495238069; gilgalcreations@gmail.com
www.gilgalcreations.blogspot.com; www.gilgalcreations.com
തപാലിൽ ലഭിക്കുവാൻ M.O./DD (in favour of Mathew P. G.) അയയ്ക്കുക. പോസ്റ്റേജ് സൗജന്യം



**വീടും സ്ഥലവും വില്പനയ്ക്ക്**
തിരുവല്ല മുൻസിപ്പാലിറ്റിയ്ക്ക് സമീപം, മുത്തൂർ, കിഴക്കൻ മുത്തൂർ, വള്ളംകുളം, കറ്റോട്, കുമ്പനാട്
9744978438, 9745638905



**THE PENTECOSTAL MISSION**
**New Video Album**
**1500 TPM Photos (VCD)**
പഴയകാല പാസ്റ്റർമാരുടെയും മറ്റു സുവിശേഷ വേലക്കാരുടെയും ഫോട്ടോ അടങ്ങിയ പുതിയ സി.ഡി. (Video Album) ഇപ്പോൾ ലഭ്യമാണ്.
TPMലെ എല്ലാ പ്രസംഗങ്ങളും പാട്ടുകളും MP3 യിലും DVD യിലും ലഭ്യമാണ്.
Mathews Thiruvalla. Tel: 0469 2705990
Mob: 9447795990, 9495915990
visit us: www.mathewstpmcd.com



PRIME PROPERTY FOR SALE
AT BANGALORE
**11 ACRES OF CONVERTED LANDS CLOSE TO BANGALORE INT'L AIRPORT WITH CLEAR TITLE. IDEAL FOR TOWNSHIP, INSTITUTIONS**
Contact: **sharon.realtors@yahoo.com**




മദ്യപാനം ഒരു പ്രശ്നമോ?
ലഹരിപദാർത്ഥങ്ങളിൽ നിന്നും വിടുതൽ ആഗ്രഹിക്കുന്നവർക്ക് ഒരു സന്തോഷവാർത്ത!
**അനാംസ് മുക്തിഭവൻ**
പ്രത്യേകതകൾ
- വിടുതൽ ആഗ്രഹിക്കുന്ന മദ്യ മയക്കുമരുന്ന് ആസക്തരെ തങ്ങളുടെ സാഹചര്യങ്ങളിൽ നിന്ന് ചില ദിവസങ്ങൾ മാറ്റിപ്പാർപ്പിച്ച് വിടുതലിനായി ഒരുക്കുന്നു.
- ഇതിനായി കൗൺസലിംഗ്, ധ്യാനം, പ്രാർത്ഥന, ക്രമീകൃതപ്രോഗ്രാം, അനുധാവന പ്രവർത്തനങ്ങൾ എന്നിവ ക്രമീകരിച്ചിരിക്കുന്നു.
- വിടുതലിനായി മരുന്നുകൾ ഉപയോഗിക്കുന്നില്ല.
- ഈ രംഗത്ത് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം നല്കുന്നു.
മാനേജർ, അനാംസ് മുക്തിഭവൻ, കാരയ്ക്കൽ പി.ഒ., തിരുവല്ല
Ph: 0469-2670012, 9249140860, Mob: 9847382460



**കുവൈറ്റിലേക്ക് സ്ത്രീകളെ ആവശ്യമുണ്ട്**
വീട്ടുജോലി ചെയ്യുന്നതിനോ, കുട്ടികളെ നോക്കുന്നതിനോ, രോഗികളെ ശുശ്രൂഷിക്കുന്നതിനോ താല്പര്യമുള്ള സഹോദരിമാർക്ക് ഒരു അവസരം.
1. House Made 2. Baby Siter
3. Home Nurse
പാസ്പോർട്ട് ഉള്ളവർ ഉടൻ വിളിക്കുക. ഇന്ത്യൻ എംബസിയുടെ എഗ്രിമെന്റും പൂർണ്ണ ഉത്തരവാദിത്വവും നൽകി വിടുന്നതാണ്.
Bro. Babu Samuel - 9947313465
Bro. Saji Thomas - 9446513785



**ആധുനിക ലോക സംഭവങ്ങൾ ബൈബിൾ പ്രവചന വെളിച്ചത്തിൽ**

ബ്രദർ ജോൺ പി. തോമസ് പ്രസംഗിക്കുന്നു
സ്ഥലം: ഓതറ ആൽത്തറ ജംഗ്ഷനുസമീപം
തീയതി: ഏപ്രിൽ 9, 10, 11 (വെള്ളി, ശനി, ഞായർ)
ദിവസവും വൈകിട്ട് 6 മുതൽ 9 വരെ

പാസ്റ്റർ വിനോദ് ജേക്കബ്
ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ മെമ്പർ
പടിഞ്ഞാറ്റോതറ, തിരുവല്ല, ഫോൺ: 9747656146
ഏവർക്കും സ്വാഗതം

**MARUPPACHA**
**Planthottam Complex**
Tiruvalla - 689 101, Phone: 0469-2634321
www.marupacha.com

R.No.67619/97

# മരുപ്പച്ച

Reg. No. **KL/TLA/100/2009-11**
License No. **KL/TLA/WPP-116/2009-11**
Licensed to Post without Prepayment
Posted on **7th March 2010 at RMS Tiruvalla**



നമ്മുടെ കർത്താവു ജീവിച്ച നാടുകളിലൂടെ... നൂറുനൂറു ചരിത്ര സ്മാരക കാഴ്ച കൾ കാണാൻ അവസരം!



# രക്ഷകന്റെ നാട്ടിൽ

**ഈജിപ്ത് —> സീനായ് —> ഇസ്രയേൽ —> പാലസ്തീൻ —> ജോർദ്ദാൻ**

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- കേരളത്തിൽ നിന്നും മറ്റു സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.
- സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

**ബുക്കിംഗ് തുടരുന്നു.**



മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.

## സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

### ഈജിപ്ത്

ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

### യിസ്രായേൽ- പാലസ്തീൻ



യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

**ഗോൽഗോഥാ, യെരിക്കോ, ബഥനി**

ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നുപോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി**

ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.

പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീല തടാകത്തിൽ ബോട്ടുയാത്ര**

പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

### ജോർദ്ദാനിലെ നെബോ പർവ്വതം

മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.



യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക
ഫോൺ : 0469 – 2634321, 9847166994

### പ്രത്യേകതകൾ

- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

കൂടുതൽ വിവരങ്ങൾക്ക്
**Maruppacha , Planthottam Complex,**
**Tiruvalla - 689 101, Phone : 0469-2634321**
Website : www.marupacha.com. E-mail : maruppacha@yahoo.com




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം
അച്ചൻകുഞ്ഞ് ഇലന്തൂർ

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Typesetting : Global Computers, Tiruvalla, Ph.2634355. Printed at Rashtra Deepika for MGM Offset Press, Kottayam, Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.